# തിരുഹൃദയ മാസിക
## (The Sacred Heart Monthly)

**Vol. 79**
**2014 December**

79 Years of Publication



*Patron*

✠ **Mar Mathew Moolakkatt**
Archbishop of Kottayam

*Co-Patron*

✠ **Mar Joseph Pandarasseril**
Auxiliary Bishop of Kottayam

*Editor*

**Fr. Saji Kochuparambil**
S.H.Monthly
Catholic Mission Press
Building, K.K. Road
Kottayam - 686 001


## ഈ ലക്കത്തിൽ


- സർക്കുലർ
- തൂവാനീസാ പ്രോഗ്രാം
- ചൈതന്യ പ്രോഗ്രാം
- കൂരിയാ വാർത്തകൾ
- വൊക്കേഷൻ കമ്മീഷൻ
- വിശ്വാസപരിശീലന കമ്മീഷൻ
- തിരുബാലസഖ്യം
- കെ. സി. ഡബ്ല്യു. എ.
- കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി
- മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി
- പിതാക്കന്മാരുടെ ഡയറി
- **Engagements**
  Mar Mathew Moolakkatt
  Mar Joseph Pandarasseril
- വചനദർശനം
- വാർത്തകൾ



## വാർഷിക വരിസംഖ്യ

75 രൂപ (ഇന്ത്യ)
500 രൂപ (വിദേശം)

Circular No: 157
**World Mission Sunday 2014**

The Catholic Metropolitanís House
P.B.No.71, Kottayam
Kerala, India - 686001

Date: 22-09-2014

പ്രിയ ബഹു. അച്ചാ, പ്രിയ ദൈവജനമേ,

സാർവത്രിക സഭയോടൊത്ത് ഒക്ടോബർ 19-ാം തീയതിയായ ഇന്ന് മിഷൻ ഞായറായി നാം ആചരിക്കുകയാണ്. സഭയുടെ പ്രേഷിത പ്രവർത്തനങ്ങളിൽ നാമോരോരുത്തർക്കുമുള്ള പങ്കിനെക്കുറിച്ച് ചിന്തിക്കുവാനുള്ള അവസരമാണിത്. "ലോകമെങ്ങും പോയി നിങ്ങൾ സുവിശേഷം പ്രസംഗിക്കുവിൻ" (മർക്കോ 16, 15) എന്ന യേശുവിന്റെ കല്പനയാണല്ലോ ഓരോ മിഷൻ ഞായറാഴ്ചയും നമ്മുടെ ചിന്താവിഷയം. സഭയിലെ ഓരോ അംഗത്തിനും യേശു നൽകുന്ന കല്പനയാണിത്. ക്രിസ്തീയ വിശ്വാസത്തിൽ സന്തോഷം കണ്ടെത്തുന്നതും ആ സന്തോഷം കണ്ടുമുട്ടുന്ന എല്ലാവരുമായി പങ്കുവയ്ക്കുന്നതുമാണ് പ്രേഷിതപ്രവർത്തനം.

പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പായുടെ ഏതാനും ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവസ്നേഹം എല്ലാവർക്കും കാണിച്ചു കൊടുക്കുവാനും, എല്ലാ ജനപഥങ്ങൾക്കും പകർന്ന് കൊടുക്കുവാനും, ദൈവരാജ്യം സമീപിച്ചിരിക്കുന്നുവെന്നു പ്രസംഗിക്കുവാനും ഈശോയെ കണ്ടുമുട്ടുവാൻ ജനങ്ങളെ ഒരുക്കാനും വേണ്ടി എഴുപത്തിരണ്ട് ശിഷ്യന്മാരെ ഈരണ്ട് പേരായി നഗരങ്ങളിലേയ്ക്കും ഗ്രാമങ്ങളിലേയ്ക്കും അയച്ചുവെന്ന് ലൂക്കാ സുവിശേഷകൻ രേഖപ്പെടുത്തുന്നു.

ഈ പ്രഘോഷണദൗത്യം നിർവ്വഹിച്ചിട്ട് ശിഷ്യന്മാർ സന്തോഷഭരിതരായി തിരിച്ചുവന്നു. പ്രഥമവും അവിസ്മരണീയവുമായ ഈ പ്രേഷിതത്വാനുഭവത്തിന്റെ പ്രബലമായ ഒരു പ്രമേയം സന്തോഷമാണ്. ശിഷ്യന്മാർ സന്തോഷം നിറഞ്ഞവരായി; പിശാചുക്കളിൽ

നിന്ന് ആളുകളെ സ്വതന്ത്രരാക്കാനുള്ള കഴിവുകൊണ്ട് ഉത്തേജിതരായി. എന്നാൽ അവർ സ്വീകരിച്ച അധികാരത്താലല്ല അവർ സ്വീകരിച്ച സ്നേഹത്തിലാണ് കൂടുതൽ സന്തോഷിക്കേണ്ടതെന്ന് യേശു അവർക്ക് മുന്നറിയിപ്പ് നൽകി.

പിതാവാണ് സന്തോഷത്തിന്റെ ഉറവിടം. പുത്രനാണ് അതിന്റെ ആവിഷ്കരണം. പരിശുദ്ധാത്മാവാണ് അതിന്റെ ദായകൻ. മത്തായി സുവിശേഷകൻ പറയുന്നതനുസരിച്ച് യേശു പിതാവിനെ സ്തുതിച്ചിട്ട് ഉടനെ തന്നെ ഇങ്ങനെ ഉദ്ഘോഷിച്ചു അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൻ ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം. ഞാൻ ശാന്തശീലനും വിനീത ഹൃദയനുമാകയാൽ എന്റെ നുകം വഹിക്കുകയും എന്നിൽ നിന്ന് പഠിക്കുകയും ചെയ്യുവിൻ അപ്പോൾ നിങ്ങൾക്ക് ആശ്വാസം ലഭിക്കും എന്തെന്നാൽ എന്റെ നുകം വഹിക്കുവാൻ എളുപ്പമുള്ളതും ചുമട് ഭാരം കുറഞ്ഞതുമാണ് (മത്തായി 11:28-30). യേശുവിനെ കണ്ടുമുട്ടുന്ന എല്ലാവരുടെയും ഹൃദയത്തിലും ജീവിതത്തിലും സുവിശേഷത്തിന്റെ സന്തോഷം നിറയുന്നു. അവിടുന്ന് നൽകുന്ന രക്ഷയുടെ വാഗ്ദാനം സ്വീകരിക്കുന്നവർ പാപത്തിൽ നിന്നും ദുഃഖത്തിൽ നിന്നും ആന്തരിക അസ്വസ്ഥതയിൽനിന്നും ഏകാന്തതയിൽ നിന്നും സ്വതന്ത്രരായിത്തീരുന്നു. ക്രിസ്തുവിനോട് കൂടെ സന്തോഷത്തിൽ നിരന്തരം പുതുതായി ജനിക്കുന്നു. (Evangeli Gaudium, 1)

യേശുവുമായുള്ള ഈ കണ്ടുമുട്ടലിന്റെ അനന്യമായ അനുഭവം കന്യകാമറിയത്തിനുണ്ടായി. അതിലൂടെ അവൾ കൃപ നിറഞ്ഞവളും സന്തോഷവതിയുമായി. യേശുവിനെ അനുഗമിക്കാനും സുവിശേഷം പ്രഘോഷിക്കുവാനും യേശുവിനാൽ അയയ്ക്കപ്പെടുവാനുമുള്ള വിളി ശിഷ്യന്മാർ സ്വീകരിച്ചു (മർക്കോ 3:14). അതുകൊണ്ട് അവരും സന്തോഷം നിറഞ്ഞവരായി.

ദൈവാനുഭവത്തിനായി ദാഹിക്കുന്ന ധാരാളം പേർ നമ്മുടെ ചുറ്റുമുണ്ട്. പ്രത്യക്ഷമായോ പരോക്ഷമായോ അവരെ ക്രിസ്തുവിന്റെ സന്തോഷത്തിലേയ്ക്ക് നയിക്കുവാനുള്ള കടമ നമുക്ക് ഉണ്ട്. അവരെല്ലാം നമ്മോട് പറയുന്നതിതാണ് "ഞങ്ങൾ അവനെ കാണുവാൻ

ആഗ്രഹിക്കുന്നു". യേശുവിനെ ഇവർക്ക് കാണിച്ചു കൊടുക്കേണ്ടത് അവിടുത്തെ സ്വന്തമാക്കിയെന്നവകാശപ്പെടുന്ന നാമോരോരുത്ത രുടെയും കടമയാണ്. ഒരിക്കൽ പീലിപ്പോസ് യേശുവിനോട് പറഞ്ഞു "കർത്താവേ, പിതാവിനെ ഞങ്ങൾക്ക് കാണിച്ചു തരിക ഞങ്ങൾക്ക് അതു മതി (യോഹ 14,8). ഇതിന് യേശു നൽകിയ മറുപടി ഇതാ യിരുന്നു "എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു" (യോഹ 14,9). യേശുവിനെ കാണുവാനും അറിയുവാനും ആഗ്രഹിക്കുന്നവ രോട് ഇപ്രകാരം പറയുവാൻ നമുക്കും സാധിക്കണം. ഏറ്റവും വലിയ പ്രേഷിതപ്രവർത്തകനായിരുന്ന പൗലോസ് ദൈവമായ യേശുവിനെ മറ്റുള്ളവർക്ക് കാണിച്ചു കൊടുത്തത് ഇപ്രകാരം പറ ഞ്ഞുകൊണ്ടാണ് "ഇനിമേൽ ഞാനല്ല ജീവിക്കുന്നത് ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്" (ഗലാ 2.20). യേശുവിന്റെ പ്രബോധന ങ്ങൾക്കനുസരിച്ചുള്ള ജീവിതത്തിലൂടെ യേശുവുമായി ഒന്നായി ക്കൊണ്ട് നാമോരോരുത്തരുടെയും ജീവിത മാതൃകയിലൂടെ യേശു വിനെ മറ്റുള്ളവർക്ക് കാണിച്ചു കൊടുക്കുന്നതിനേക്കാൾ ഫലപ്രദ മായ പ്രേഷിതപ്രവർത്തനമില്ല. അങ്ങനെ സഭയുടെ പ്രേഷിതപ്ര വർത്തനങ്ങളെയെല്ലാം ഒറ്റ വാക്യത്തിൽ സംഗ്രഹിക്കുവാൻ സാധി ക്കുമെന്ന് തോന്നുന്നു. " ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്തത് നിങ്ങളേയും ഞങ്ങൾ അറിയിക്കുന്നു. ഞങ്ങളുമായി നിങ്ങൾക്ക് കൂട്ടായ്മ ഉണ്ടാകേണ്ടതിനാണ് ഞങ്ങൾ ഇത് പ്രഘോ ഷിക്കുന്നത്. (1 യോഹ 1,3).

യേശു ലോകത്തിലേയ്ക്ക് വന്നത് ദൈവത്തെ നമ്മുക്ക് വെളിപ്പെ ടുത്തിത്തരുവാനാണ്. യേശു പ്രസംഗിച്ച സുവിശേഷത്തെയാകമാനം വെറും രണ്ടേ രണ്ട് വാക്കുകളിൽ സംഗ്രഹിക്കാം. "ദൈവം സ്നേഹ മാണ്". യേശുവും ശിഷ്യന്മാരും പറഞ്ഞ മറ്റെല്ലാ കാര്യങ്ങളും ദൈവം സ്നേഹമാണ് എന്ന സുവിശേഷത്തിന്റെ വ്യാഖ്യാനം മാത്രമാണ്. സ്നേഹം തന്നെയായ ദൈവത്തെ അനുഭവിച്ചറിയുകയും ഈ സ്നേഹാനുഭവം എല്ലാവരുമായി പങ്ക് വയ്ക്കുന്നതുമാണ് പ്രേഷിത പ്രവർത്തനം. പ്രേഷിതപ്രവർത്തനങ്ങൾക്കെല്ലാം മാതൃകയും ചെറു പുഷ്പ മിഷൻലീഗിന്റെ മദ്ധ്യസ്ഥയുമായ വി. കൊച്ചുത്രേസ്യ സുവി

ശേഷം എന്തെന്ന് മനസ്സിലാക്കിയ ഒരു വ്യക്തിയാണ്. സ്നേഹത്തിന്റെ ഈ നല്ല വിശേഷം എല്ലാ രാജ്യങ്ങളിലും ചെന്ന് എല്ലാ ജനങ്ങളെയും അറിയിക്കുവാൻ അവൾ അതിയായി ആഗ്രഹിച്ചിരുന്നു. വി. പൗലോസിനെപ്പോലെ എല്ലാവർക്കും എല്ലാമായി തീരാൻ അവൾ അതിയായി ആഗ്രഹിച്ചു. അവൾ ലിസ്യുവിലെ മഠത്തിലിരുന്നുകൊണ്ട് ലോകമാസകലമുള്ള പ്രേഷിതപ്രവർത്തനങ്ങളിൽ പങ്ക് ചേരുവാൻ കണ്ടുപിടിച്ച മാർഗ്ഗം സ്നേഹമാണ്. ഇങ്ങനെ സ്നേഹത്താൽ പ്രേരിതയായി നിരന്തരം പ്രാർത്ഥിക്കുകയും പരിത്യാഗപ്രവർത്തികൾ അനുഷ്ഠിക്കുകയും ചെയ്തു കൊണ്ടാണ് വി. കൊച്ചുത്രേസ്യ സഭയിലെ പ്രേഷിത പ്രവർത്തനങ്ങളെയെല്ലാം സജീവമാകാൻ സഹായിച്ചിരുന്നത്.

വി. കൊച്ചുത്രേസ്യായെപ്പോലെ സഭയുടെ പ്രേഷിതപ്രവർത്തനപ്രക്രിയയിൽ സജീവമായി നമുക്ക് പങ്ക് ചേരാം. സഭയിൽ നല്ല ദൈവവിളികൾ ഉണ്ടാകുവാനായി നമുക്ക് പ്രവർത്തിക്കാം. ലോകത്തിന്റെ പല ഭാഗങ്ങളിലും വൈദിക ജീവിതത്തിലേയ്ക്കും സന്യാസത്തിലേക്കുമുള്ള വിളിയുടെ ദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്. ഇതിന്റെ കാരണം സമൂഹങ്ങളിൽ പ്രേഷിത തീഷ്ണതയുടെ ആകർഷണമില്ലായ്മയാണ്. ക്രിസ്തുവിനെ മറ്റുള്ളവരിലേക്ക് പകർന്ന് നൽകുന്നതിലുള്ള സന്തോഷവും ആവേശവും ആഗ്രഹവും തീഷ്ണമായി വൈദികരിലും സന്യസ്തരിലും അല്മായരിലും ഉണ്ടാകണം. എങ്കിൽ മാത്രമേ നമ്മുടെ കുടുംബങ്ങളിൽ നിന്ന് നല്ല ദൈവവിളികൾ ഉണ്ടാവുകയുള്ളൂ. പ്രേഷിതപ്രവർത്തനങ്ങൾക്കായി ചെറുപുഷ്പമിഷൻലീഗിന്റെ പ്രവർത്തനങ്ങളിൽ നമ്മുക്കും പങ്കുചേരാം. സഭയുടെ അടിസ്ഥാന ഘടകമായ കുടുംബങ്ങൾ പ്രേഷിത പ്രവർത്തനത്തിന്റെ വിളനിലമായിത്തീരണം. കുടുംബങ്ങളിൽ നിന്നാണ് നല്ല പ്രേഷിതമക്കൾ ജന്മമെടുക്കുന്നത്. ഈ ആധുനിക കാലഘട്ടത്തിൽ കുടുംബങ്ങളിൽ നിന്ന് നല്ല ദൈവവിളികൾ ഉണ്ടാകുവാനും നമ്മുക്ക് പരിശ്രമിക്കാം. വിവിധ തരത്തിലുള്ള സാമൂഹ്യതിന്മകൾ നമ്മുടെ കുട്ടികളേയും സ്വാധീനിക്കുന്നുണ്ട്. മദ്യം, മയക്കുമരുന്നുകൾ, പുകവലി, പാൻമസാലകൾ, ടി.വി. ചാനലുകളുടെയും, സോഷ്യൽ നെറ്റ്‌വർക്കുകളുടെയും ദുരു

പയോഗം തുടങ്ങിയവ മുതിർന്നവരെയും കുഞ്ഞുങ്ങളേയും ദൈവത്തിൽ നിന്നും കുടുംബങ്ങളിൽ നിന്നും അകറ്റുന്നു.

അതുകൊണ്ടാണ് “ലഹരിവിമുക്ത കുടുംബം അനുഗ്രഹീത സമൂഹം” എന്ന പഠനവിഷയം ചെറുപുഷ്പമിഷൻലീഗ് ഈ വർഷം തെരഞ്ഞെടുത്തിരിക്കുന്നത്. നമ്മുടെ മക്കൾ ചെറുപുഷ്പ മിഷൻലീഗിലോ, ഇതര ഇടവകസംഘടനകളിലോ അംഗമാകുവാൻ മാതാപിതാക്കൾ പ്രേരിപ്പിക്കണം. അതുവഴി ഈശോയും സുവിശേഷവും നൽകുന്ന സന്തോഷത്തിലേയ്ക്ക് അവർക്ക് താൽപര്യമുണ്ടാകും. നല്ല കുടുംബങ്ങളേയും പ്രേഷിത സമൂഹങ്ങളേയും രൂപപ്പെടുത്താൻ ഇടവകകളിലും സംഘടനകളിലും നടക്കുന്ന എല്ലാ പ്രവർത്തനങ്ങളേയും വിളവിന്റെ നാഥനായ കർത്താവ് അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്

സ്നേഹപൂർവ്വം

✠ **മാർ മാത്യു മൂലക്കാട്ട്**

കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലർ 2014 ഒക്ടോബർ 19-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വി.കുർബ്ബാനയർപ്പിക്കപ്പെടുന്ന സ്ഥാപനങ്ങളിലും കുർബ്ബാനമദ്ധ്യേ വായിച്ചറിയിക്കേണ്ടതും അന്നത്തെ സ്തോത്രകാഴ്ച അതിരൂപതാ കേന്ദ്രത്തിൽ ഏല്പിക്കേണ്ടതുമാണ്.

Circular No: 158
**Media Day 2014**

The Catholic Metropolitanís House
P.B.No.71, Kottayam
Kerala, India - 686001

Date: 03-11-2014

പ്രിയ ബഹു. അച്ചാ, പ്രിയ ദൈവജനമേ,

ആഗോള കത്തോലിക്കാസഭ നവംബർ 16-ാം തീയതിയായ ഇന്ന് സമ്പർക്ക മാധ്യമദിനമായി ആചരിക്കുകയാണ്. വിവിധ മാധ്യമങ്ങളിലൂടെ സുവിശേഷം പ്രഘോഷിക്കേണ്ട കടമ നമ്മെ അനുസ്മരിപ്പിക്കുന്നതോടൊപ്പം മാധ്യമങ്ങൾ നമ്മിൽ ചെലുത്തുന്ന സ്വാധീനം എത്രത്തോളമെന്ന് മനസിലാക്കി അവയെ വിവേകപൂർവം ദൈവ മഹത്വത്തിനും സമൂഹനന്മയ്ക്കുമായി പ്രയോജനപ്പെടുത്തണമെന്നും ഈ ദിനാചരണം നമ്മെ ഓർമ്മപ്പെടുത്തുന്നു. ആശയവിനിമയ ലോകം ഇന്ന് അഭൂതപൂർവകമായ പുരോഗതിയാണ് കൈവരിച്ചിരിക്കുന്നത്. ഇന്റർനെറ്റ് സംവിധാനങ്ങളുടെ വരവോടെയും ആധുനിക നവമാധ്യമ ശൃംഖലകളുടെ സംലഭ്യതയോടെയും ലോകം ചുരുങ്ങിച്ചുരുങ്ങി വിവിധ രാജ്യങ്ങളിലും ലോകത്തിന്റെ നാനാകോണുകളിലും ജീവിക്കുന്നവർ തമ്മിൽ അയൽക്കാരാകുന്ന അനുഭവം വളർന്നു വരുകയും ചെയ്തിരിക്കുന്നു. ഈ നൂതന മാധ്യമശൃംഖലകളുടെ കുറവുകളും ദോഷങ്ങളും നമുക്കു പരിചിതങ്ങളാണെങ്കിലും അവയെ അവഗണിക്കാനോ നിസാരങ്ങളായി കാണാനോ നമുക്കാവില്ല. യഥാർത്ഥത്തിൽ അവ നമുക്കുമുന്നിൽ വച്ചുനീട്ടുന്ന സുവിശേഷവൽക്കരണ സാധ്യത ഏറെ വിലപ്പെട്ടതാണ്.

'കൂട്ടായ്മ വളർത്തേണ്ട നവമാധ്യമ ശൃംഖലകൾ' എന്ന ആശയമാണ് ഈ വർഷത്തെ മാധ്യമദിന ചിന്താവിഷയമായി പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ നമുക്കു നല്കിയിരിക്കുന്നത്. വെറും അറിവുകൾക്കും ഉപരിപ്ലവമായ സൗഹൃദങ്ങൾക്കും അപ്പുറത്ത് സാഹോദര്യത്തിന്റെ യഥാർത്ഥ കണ്ണികളായി മാറണം നവമാധ്യമങ്ങൾ എന്ന് പരി. പിതാവ് ആഗ്രഹിക്കുന്നു. കണ്ണഞ്ചിപ്പിക്കുന്ന വിസ്മ

യലോകം ഒരുവശത്ത് ആഡംബരങ്ങളിൽ മുഴുകുമ്പോൾ അനീതിയുടെയും മതപീഡനത്തിന്റെയും രോഗദുരിതങ്ങളുടെയും പിടിയിലമരുന്ന മറുഭാഗം വിസ്മരിക്കപ്പെടുകയാണ്. പലവിധ ഒറ്റപ്പെടുത്തലുകളും അവഗണനകളും മൂലം സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും മാറ്റിനിർത്തപ്പെടുന്നവരുടെ നേരെ നീളുന്ന സൗഹൃദശൃംഖലകളായി പരിണമിക്കണം നവമാധ്യമങ്ങൾ.

ആശയവിനിമയം യഥാർത്ഥ കൂട്ടായ്മയുടെ സംസ്കാരത്തിന് പിൻബലമാകുന്നു. സുവിശേഷത്തിലെ നല്ല സമരിയക്കാരന്റെ ഉപമ (ലൂക്കാ. 10,25-37) നമുക്കു മാതൃകയാണ്. അക്രമികളുടെ കൈകളിൽപെട്ട ഹതഭാഗ്യനായ മനുഷ്യനുമായി ആശയവിനിമയത്തിനു തയ്യാറാകുന്ന സമറിയാക്കാരൻ അയാൾക്ക് നല്ല അയൽക്കാരനായി മാറുന്നു. അയാളെ വെറും കൗതുകത്തിനായി സമീപിക്കുകയല്ല മറിച്ച്, കാര്യങ്ങൾ മനസിലാക്കി പരിചരിക്കുകയും അയാളുടെ പൂർണ്ണ ഉത്തരവാദിത്വം ഏറ്റെടുക്കുകയും ചെയ്യുന്ന യഥാർത്ഥ സാഹോദര്യത്തിലേക്ക് വളരുവാൻ ഉപമയിലെ സമറിയാക്കാരന് ചുരുങ്ങിയ സമയത്തെ ആശയവിനിമയം മതിയായി.

ശരിയായ ആശയവിനിമയത്തിന് പരസ്പര ബഹുമാനത്തോടെയും തുറവിയോടെയുമുള്ള സംവാദം അനിവാര്യമാണ്. നല്ല സമറിയാക്കാരന്റെ ഉപമയിലെ ലേവ്യനും പുരോഹിതനും വഴിയിൽ കിടന്ന മനുഷ്യനെ സഹായിക്കുന്നതിന് അവരുടെ മതപരമായ ശുചിത്വനിഷ്ഠ തടസ്സമായി. മുറിപ്പെട്ട മനുഷ്യന്റെ വേദനയെ മനസിലാക്കാൻ മാത്രം അലിവും ആത്മീയ ഉണർവും വിശാലമനസും ഇല്ലാത്ത സഭാമക്കൾ ക്രിസ്ത്യാനികളെന്നു വിളിക്കപ്പെടാൻ യോഗ്യരല്ലെന്നു തന്നെ പറയാം. നമ്മുടെ വിശ്വാസപാരമ്പര്യങ്ങളെയും ചിന്താഗതിയെയും ഉപേക്ഷിക്കാതെ തന്നെ മറ്റുള്ളവരുടെ കാഴ്ചപ്പാടുകളെ ആദരിക്കുകയും അവരിലെ നന്മയെ അംഗീകരിക്കുകയും അവരുടെ ആവശ്യങ്ങൾക്കു നേരെ ഹൃദയം തുറക്കുകയും ചെയ്യുന്നതാണ് സംവാദം. നവമാധ്യമ ശൃംഖലകളുടെ സൗഹൃദങ്ങൾ ഒറ്റപ്പെടലുകളും സമാനമനസ്സുകളുടെ കൂട്ടംചേരലുകളും മാത്രമായി

ചുരുങ്ങുമ്പോൾ നഷ്ടപ്പെടുന്നത് മനുഷ്യസാഹോദര്യത്തിന്റെ വിശാലചക്രവാളങ്ങളിലേക്കു വളരാനുള്ള സാധ്യതയാണ്.

സുവിശേഷവത്കരണത്തിനായി നവമാധ്യമശൃംഖലകൾ നാം പ്രയോജനപ്പെടുത്തണം. 'ലോകത്തിന്റെ അതിർത്തികൾ വരെയും' (നടപടി 1, 8) സുവിശേഷത്തിനു സാക്ഷികളാകുവാൻ മുൻതലമുറകൾക്ക് ലഭിക്കാതെപോയ ഒരു പുതിയ സാധ്യത കൂടി ഇന്ന് നമുക്കു ലഭിച്ചിരിക്കുന്നു - നവമാധ്യമ ശൃംഖലകൾ. രക്ഷകനായ ഈശോമിശിഹാ നമ്മെ പഠിപ്പിച്ച പാവങ്ങളോടു കാണിക്കേണ്ട കാരുണ്യത്തിനും ശത്രുക്കളോടുപോലും ഉണ്ടായിരിക്കേണ്ട സഹിഷ്ണുതയ്ക്കും സാക്ഷ്യം വഹിക്കുവാനും ലോകസമാധാനത്തിനും മനുഷ്യസഹവർത്തിത്വത്തിനും വേണ്ടി കൈകോർക്കുവാനും നവമാധ്യമങ്ങൾ നമ്മെ സഹായിക്കുന്നു. മനുഷ്യഹൃദയങ്ങളെ നന്മയിലേക്കു ചലിപ്പിക്കാൻ കഴിയുന്ന ചാലകശക്തിയായി മാറണം ഇന്നത്തെ സഭയുടെ ആശയവിനിമയ ലോകം.

ആഗോളസഭ മാധ്യമദിനം ആചരിക്കുമ്പോൾ നമ്മുടെ അതിരൂപതയുടെ മുഖപത്രമായ അപ്നാദേശിന്റെ പ്രാധാന്യം നാം വിസ്മരിക്കരുത്. മാധ്യമസാധ്യതകളെ ഉപയോഗിച്ച് അർദ്ധസത്യങ്ങളും അസത്യങ്ങളും പ്രചരിപ്പിക്കുകയും സാധാരണക്കാരായ വിശ്വാസികളുടെയിടയിൽ തെറ്റിദ്ധാരണകൾ പരത്തി സഭയെയും സമുദായത്തെയും ഛിന്നഭിന്നമാക്കുവാൻ പരിശ്രമിക്കുകയും ചെയ്യുന്നവരുണ്ട്. എന്നാൽ കോട്ടയം അതിരൂപതയെ ഒരു ചരടിൽ കോർത്തിണക്കുകയും കാര്യങ്ങളുടെ സത്യാവസ്ഥ സമുദായാംഗങ്ങളെ അറിയിക്കുകയും ചെയ്യുന്ന അതിരൂപതയുടെ ഔദ്യോഗിക പത്രമാണ് അപ്നാദേശ്. അഞ്ചു ഭൂഖണ്ഡങ്ങളിലും തപാലിൽ എത്തുന്ന ഏക കത്തോലിക്കാ പ്രസിദ്ധീകരണമാണ് അപ്നാദേശ്. ഓൺലൈൻ പത്രത്തിന് അറുപതിലധികം രാജ്യങ്ങളിൽ വായനക്കാരുണ്ടെന്നതും നമുക്ക് അഭിമാനമാണ്. അതിരൂപതയെക്കുറിച്ചും സമുദായത്തെക്കുറിച്ചും പ്രചരിപ്പിക്കുന്ന തെറ്റിദ്ധാരണകളുടെയും അസത്യങ്ങളുടെയും നിജസ്ഥിതി മനസിലാക്കുവാൻ അപ്നാദേശും, അപ്നാദേശ്

ഓൺലൈനും നമ്മെ സഹായിക്കും. അപ്നാദേശ് നമ്മുടെ എല്ലാ ഭവനങ്ങളിലും എത്തുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഏവരും ശ്രദ്ധിക്കണമെന്ന് ഞാൻ ഓർമ്മിപ്പിക്കുന്നു.

ഭിന്നതകളെ തകർക്കുന്ന സാഹോദര്യത്തിന്റെയും ആദരവോടെയുള്ള പരസ്പര സംവാദത്തിന്റെയും വേദികളാവട്ടെ നമ്മുടെ മാധ്യമലോകം. നവമാധ്യമശൃംഖലകൾ സമൂഹത്തിൽ മുറിപ്പെട്ട മനുഷ്യനെ പരിചരിക്കുന്ന നല്ല അയൽക്കാരുടെ കൂട്ടായ്മകളാവണം. അസഹിഷ്ണുതയും അസമാധാനവും അസ്വസ്ഥപ്പെടുത്തുന്ന ആധുനികലോകത്തിൽ വിശ്വസാഹോദര്യത്തിന്റെയും സുവിശേഷസന്തോഷത്തിന്റെയും വക്താക്കളാകുവാൻ സർവശക്തനായ ദൈവം നമ്മെയേവരെയും അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

സ്നേഹപൂർവ്വം

✠ **മാർ മാത്യു മൂലക്കാട്ട്**

കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലർ മാധ്യമദിനമായ നവംബർ 16-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വി.കുർബാനയർപ്പിക്കപ്പെടുന്ന സ്ഥാപനങ്ങളിലും വി. കുർബാനമദ്ധ്യേ വായിച്ചറിയിക്കേണ്ടതും ആ ദിവസത്തെ സ്തോത്രകാഴ്ച മാധ്യമരംഗത്തെ സഭയുടെ പ്രവർത്തനങ്ങൾക്കായി അതിരൂപതാ കേന്ദ്രത്തിൽ ഏല്പിക്കേണ്ടതുമാണ്.

Pastoral Letter No XXIII

The Catholic Metropolitanís House
P.B. No. 71, Kottayam
Kerala, India-686 001.

# ദൈവകൃപയാൽ
# കോട്ടയം അതിരൂപതയുടെ
# മെത്രാപ്പോലീത്ത

**മാർ മാത്യു**




**മൂലക്കാട്ട്**

*തന്റെ സഹശുശ്രൂഷികളായ വൈദികർക്കും സമർപ്പിതർക്കും ദൈവജനം മുഴുവനും നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും സമാധാനവും ആശംസിക്കുന്നു.*

ഈശോമിശിഹായിൽ വന്ദ്യ സഹോദരങ്ങളേ, പ്രിയ മക്കളേ,

സമർപ്പിത ജീവിതത്തിലൂടെ വിശുദ്ധിയുടെ ഉന്നതസോപാനത്തിലേക്കുയർന്ന് ഭാരതസഭയ്ക്കഭിമാനവും ആഗോളസഭയ്ക്ക് അനുഗ്രഹ സമൃദ്ധിയും പകരുന്ന വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെയും വി. എവുപ്രാസ്യമ്മയുടെയും ജീവിതമാതൃകയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് സമർപ്പിത വർഷത്തിലെ മംഗലവാർത്ത കാലത്തിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. പരിശുദ്ധ ത്രിത്വത്തിന്റെ കൂട്ടായ്മയിലേയ്ക്ക് മനുഷ്യമക്കളെ കൈ പിടിച്ചാനയിക്കാൻ മനുഷ്യനായി അവതരിച്ച ദൈവപുത്രന്റെ ആഗമനത്തിനായി പ്രതീക്ഷയോടെ കാത്തിരുന്ന ദൈവജനത്തിന്റെ തീഷ്ണതയോടും വചനത്തിനു മാംസം നൽകാൻ തന്നെത്തന്നെ ദൈവഹിതത്തിനായി സമർപ്പിച്ച പരിശുദ്ധ കന്യാമറിയ

ത്തിന്റെ വിശ്വാസ ചൈതന്യത്തോടും കൂടി മംഗലവാർത്ത കാലത്തിലേയ്ക്ക് നമുക്ക് പ്രവേശിക്കാം. മനുഷ്യാവതാരത്തിന്റെ മഹനീയ രഹസ്യങ്ങളാൽ പ്രകാശിതമാകുന്ന ക്രൈസ്തവജീവിതത്തിലൂടെ ദൈവപുത്രനായ് നമ്മുടെ ഹൃദയങ്ങളെ ഒരുക്കാം.

2014 നവംബർ 30 മുതൽ 2016 ഫെബ്രുവരി 2 വരെ നീളുന്ന സമർപ്പിത വർഷം സഭാതനയരായ നമുക്കോരോരുത്തർക്കും ദൈവം നൽകുന്ന വിളിയെപ്പറ്റി ആഴത്തിൽ ചിന്തിക്കാനും തദനുസാരം നമ്മുടെ ജീവിതത്തെ ദൈവികാഹ്വാനത്തിനുള്ള പ്രത്യുത്തരമായി മാറ്റാനുമുള്ള അവസരമാണ് നൽകുന്നത്. മംഗലവാർത്തക്കാലത്തിൽ ദൈവപുത്രന്റെ മാതാവാകുവാനുള്ള ദൈവികാഹ്വാനത്തിന് “ഇതാ ഞാൻ കർത്താവിന്റെ ദാസി നിന്റെ വചനം പോലെ എന്നിൽ ഭവിക്കട്ടെ” എന്ന് മറുപടി നൽകിക്കൊണ്ട് ദൈവമാതാവിന്റെ ജീവിതപാത തെരഞ്ഞെടുത്ത നസ്രത്തിലെ കന്യകയെപ്പോലെ അനുദിനജീവിതത്തിന്റെ അനുകൂലവും പ്രതികൂലവുമായ സാഹചര്യങ്ങളിൽ ദൈവമക്കളുടെ വഴിയിൽ നിന്നിടറാതെ ജീവിക്കുവാനും അതുവഴി ദൈവം നമുക്കൊരുക്കിയിരിക്കുന്ന മഹത്വത്തിനു അവകാശികളാകുവാനും നമുക്ക് സാധിക്കണം. സഭാഗാത്രത്തിന്റെ വിവിധങ്ങളായ ദൗത്യങ്ങൾ ഏൽപ്പിക്കപ്പെട്ടിരിക്കുന്ന ഒരേ ശരീരത്തിന്റെ അവയവങ്ങളായ നാമോരോരുത്തരും തങ്ങളുടെ ദൗത്യം യഥാവിധി പൂർത്തിയാക്കുന്നതിലൂടെ ദൈവരാജ്യനിർമ്മാണത്തിൽ പങ്കാളികളാവുകയും ദൈവികമഹത്വത്തിൽ പങ്കു ചേരുകയും ചെയ്യുന്നു.

സമർപ്പിത വർഷത്തിലേയ്ക്ക് പ്രവേശിക്കുന്നതിന് മുൻപായി റോമിൽ നടന്ന മെത്രാന്മാരുടെ അസാധാരണ സിനഡിന്റെ വിഷയം കുടുംബമായിരുന്നു എന്ന് മാത്രമല്ല, സമർപ്പിത വർഷത്തിൽ നടക്കുന്ന സാധാരണ സിനഡും ഈ വിഷയം തന്നെ പഠന വിഷയമാക്കുന്നു എന്നത് സമർപ്പിത ജീവിതവും കുടുംബവും തമ്മിലുള്ള അഭേദ്യമായ ബന്ധത്തിലേക്കാണ് നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നത്. സമർപ്പിത ജീവിതത്തിലൂടെയുള്ള ദൈവരാജ്യ സാക്ഷ്യം മുളയെടുക്കുന്നതും വേരുപാകുന്നതും കരുത്താർജ്ജിക്കുന്നതും ക്രൈസ്തവകുടുംബത്തിൽ വിളങ്ങി പ്രകാശിക്കുന്ന ദമ്പതികളുടെ സമർപ്പണത്തിലാണ്. പരസ്പര സമർപ്പണത്തിലൂടെ ദൈവത്തിനും ദൈവജനത്തിനുമായി അവർ നടത്തുന്ന ആത്മസമർപ്പണം സന്താനവല്ലരിയിൽ പുഷ്പിക്കുമ്പോൾ മാത്രമേ ആ മക്കളുടെ

ജീവിതസമർപ്പണം സാർവത്രികസഭയ്ക്ക് മുഴുവൻ ദൈവം നൽകുന്ന അനുഗ്രഹ സ്രോതസ്സായി മാറുകയുള്ളൂ. അതിനാൽ സമർപ്പിത ജീവിതത്തിന്റെ വേരുകൾ തേടേണ്ടത് സുഖത്തിലും ദുഖത്തിലും സന്തോഷത്തിലും സന്താപത്തിലും ആരോഗ്യത്തിലും അനാരോഗ്യത്തിലും ഏകമനസ്സോടെ പരസ്പര സമർപ്പണത്തിലൂടെ ദൈവതിരുഹിത പൂർത്തീകരണത്തിനായി തങ്ങളെത്തന്നെ വിശ്വാസപൂർവ്വം നൽകുന്ന ദമ്പതികളിലാണ്; അവരിലൂടെ ദൈവം രൂപം കൊടുക്കുന്ന കുടുംബങ്ങളിലാണ്.

ആധുനിക ലോകത്തിന്റെ അസ്വസ്ഥതകൾ സമർപ്പിതജീവിതത്തെ പ്രതികൂലമായി ബാധിക്കുന്നുവെങ്കിൽ അതിനു പരിഹാരം തേടേണ്ടത് ക്രൈസ്തവകുടുംബങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്കു ഉചിതമായ പരിഹാരം കണ്ടെത്തിക്കൊണ്ടാവണം എന്ന ബോദ്ധ്യമാണ് സമർപ്പിതവർഷത്തിൽ ക്രൈസ്തവകുടുംബങ്ങളെ തുറന്ന മനസ്സോടെ സമീപിക്കാനും കുടുംബങ്ങളുടെ അടിസ്ഥാനം ഉറപ്പിക്കാനും സഭാപിതാക്കന്മാരെ പ്രേരിപ്പിക്കുന്നത്. മൂല്യങ്ങളിൽ ഉണ്ടായ അപചയം എന്നതിനേക്കാൾ മൂല്യശ്രേണിയോടുള്ള തെറ്റായ സമീപനമാണ് ആധുനിക കുടുംബങ്ങളെ ശിഥിലമാക്കുന്നത്. താൽക്കാലികവും വ്യക്തിപരവും ആയ നേട്ടങ്ങൾക്കുവേണ്ടി കുടുംബമൂല്യങ്ങളെ പരിത്യജിക്കുകയും അവഗണിക്കുകയും ചെയ്യുക വഴി കുടുംബങ്ങൾ മാത്രമല്ല കുടുംബങ്ങളിൽ വളർന്നു വികസിക്കേണ്ട മാനുഷിക ബന്ധങ്ങളും അതുവഴി വ്യക്തിത്വവികാസം തന്നെയും വഴി തെറ്റുകയും തകരാറിലാവുകയും ചെയ്യുന്നു എന്നതാണ് ആധുനിക സമൂഹം നേരിടുന്ന വലിയ പ്രശ്നം. എല്ലാ സാഹചര്യങ്ങളിലും ഒന്നിച്ചു നിൽക്കുന്ന കുടുംബത്തിനു പകരം ധനസമ്പാദനത്തിനും സ്വാർത്ഥമോഹപൂർത്തീകരണങ്ങൾക്കുമായി കുടുംബത്തിന്റെ കൂട്ടായ്മയും സ്നേഹവാത്സല്യങ്ങളുടെ കൈമാറ്റവുമൊക്കെ ബലി കഴിക്കപ്പെടുമ്പോൾ തകരുന്ന കുടുംബത്തോടൊപ്പം തളരുന്ന വ്യക്തിത്വങ്ങൾ സമൂഹത്തിനു ശാപമായി മാറുന്നു. കമ്പോള സംസ്കാരത്തിന്റെ അതിപ്രസരത്തിൽ ലോകം മുഴുവൻ സ്വന്തമാക്കാൻ പ്രേരിപ്പിക്കുന്ന ആകർഷണീയമായ പരസ്യങ്ങളിലും വാഗ്ദാനങ്ങളിലും പെട്ട് ചതിക്കുഴികളിൽ വീണു പോകുന്നവരുടെ എണ്ണം വർദ്ധിക്കുന്നു. ആവശ്യത്തേക്കാൾ അത്യാഗ്രഹങ്ങൾ ആത്മാവിനെ പ്രലോഭിപ്പിക്കുമ്പോൾ കുടുംബവും, കുടുംബബന്ധങ്ങൾ പോലും ഉപഭോഗവസ്തുക്കളായി മാറുന്നു.

താങ്ങും തണലും നൽകേണ്ട കുടുംബങ്ങൾ ചതിയുടെയും ചൂഷണത്തിന്റെയും വിളനിലങ്ങളായി മാറുന്നു. ആഗ്രഹിക്കുന്നതെല്ലാം അത്യാവശ്യമാണോ? വിലയായി നൽകുന്നവയെല്ലാം വിൽക്കാവുന്നവയാണോ? സ്വയം ബലിയായി നൽകി മൂല്യങ്ങൾ സംരക്ഷിക്കേണ്ടവർ മൂല്യങ്ങളെ വിട്ടു സ്വാർത്ഥം തേടുമ്പോൾ കുടുംബവും കുടുംബബന്ധങ്ങളും തകർന്നടിയുകയും സമൂഹം ശിഥിലമാവുകയും ചെയ്യും.

ഇവിടെയാണ് മംഗള വാർത്തക്കാലത്തിന്റെ മാധുര്യം പേറി തിരുക്കുടുംബം നമ്മുടെ മുമ്പിൽ മാതൃകയും പ്രചോദനവുമായി നിലകൊള്ളുന്നത്. ദാരിദ്ര്യത്തിന്റെ വേദനയിലും കഷ്ടപ്പാടിന്റെ മദ്ധ്യത്തിലും ഒന്നിച്ചു നിന്ന ഒരു സാധുകുടുംബം. പരദേശയാത്രയിലും പ്രവാസജീവിതത്തിലും മുറിയാതെ മുറുകെപ്പിടിച്ച പരസ്പര ബന്ധങ്ങളുടെ ശീതളിമയിൽ വളരുന്ന വിശ്വാസത്തിന്റെയും ധാർമ്മികതയുടെയും ശക്തിസ്രോതസ്സായിരുന്നു നസ്രത്തിലെ തിരുക്കുടുംബം. പരിമിത ബുദ്ധിയിൽ പൂർണ്ണമായി ഉൾക്കൊള്ളാൻ സാധിക്കാത്ത ദൈവിക പദ്ധതിക്ക് വിശ്വാസപൂർവ്വം സമർപ്പിച്ച മറിയവും അസ്വസ്ഥതയുടെയും ആകുലതയുടെയും മദ്ധ്യത്തിലും സ്വന്തം അവകാശത്തേക്കാൾ തന്റെ പ്രതിശ്രുത വധുവിന്റെ നന്മയ്ക്ക് ത്യാഗപൂർവ്വം മുൻതൂക്കം കൊടുത്ത നസ്രത്തിലെ തച്ചനും ഈ കൂട്ടായ്മയിൽ മാംസം ധരിച്ച ദൈവപുത്രനായ ഈശോയും വിഷമസാഹചര്യങ്ങളേയും വിപ്രവാസത്തേയും നേരിട്ടത് ഒറ്റയ്ക്കൊറ്റക്കല്ല, ഒരു മനസ്സോടെ, ഒരു കുടുംബത്തിന്റെ തീവ്ര സ്നേഹ നിറവിലായിരുന്നു. ഇന്നും ഈ മാതൃക മാത്രമാണ് വിഷമസാഹചര്യങ്ങളിൽ ആധുനിക കുടുംബങ്ങൾക്ക് ആശ്രയിക്കാവുന്ന ഒറ്റമൂലി. മംഗലവാർത്തയും തിരുപ്പിറവിയുമെല്ലാം കഴിഞ്ഞകാല സംഭവത്തിന്റെ വിരസമായ ആവർത്തനമായി ആചരിച്ചതുകൊണ്ടായില്ല. ഉത്തമ ക്രൈസ്തവജീവിതത്തിന് ഉദാത്തമാതൃകയായ നസ്രത്തിലെ തിരുക്കുടുംബത്തിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് കുടുംബബന്ധങ്ങൾക്ക് നവചൈതന്യവും കൂട്ടായ്മയുടെ മാധുര്യവും പകരുന്ന അനുഗ്രഹത്തിന്റെ അവസരമാക്കി അതിനെ പകർത്താൻ നമുക്ക് സാധിക്കണം. തളരുന്ന കുടുംബങ്ങൾക്ക് താങ്ങാകാൻ, തകരുന്ന മനസ്സുകൾക്ക് ആശ്വാസമാകാൻ, വിഷലിപ്തമാകുന്ന വ്യക്തിബന്ധങ്ങൾക്ക് വിശുദ്ധി പകരാൻ ത്രിത്വൈക ദൈവത്തിന്റെ സ്നേഹകൂട്ടായ്മയിൽ നിന്ന് അനുഗ്രഹത്തിന്റെയും ആശ്വാസത്തിന്റെയും

അമൃതവർഷമായി മനുഷ്യാവതാരം ചെയ്യുന്ന ദൈവപുത്രനെ നമ്മുടെ കുടുംബങ്ങളിലേക്ക് ആഹ്ലാദത്തോടെ നമുക്ക് സ്വീകരിക്കാം.

സമൂഹത്തിനാലംബമായി, ലോകത്തിനത്താണിയായി നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിന് അനുഗ്രഹത്തിന്റെ സമൃദ്ധിയായി കടന്നു വരുന്ന രക്ഷകന്റെ പിറവി നമുക്കന്യമാകാതിരിക്കട്ടെ. സകല ലോകത്തിനുമുള്ള സന്തോഷത്തിന്റെ സദ്വാർത്തയായ മംഗലവാർത്തയുടെ ആഹ്ലാദവും മനുഷ്യാവതാരത്തിന്റെ നിറവും നിങ്ങൾക്കേവർക്കും സ്നേഹപൂർവ്വം ആശംസിക്കുന്നു.

പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഇടയനടുത്ത ആശീർവാദം നൽകുന്നു.

എന്ന് കോട്ടയം അതിരൂപതാകേന്ദ്രത്തിൽ നിന്നും 2014 നവംബർ 5-ാം തീയതി

**✠മാർ മാത്യു മൂലക്കാട്ട്,**
കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത.

---

*NB.* **ഈ ഇടയലേഖനം 2014 നവംബർ 30-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ദേവാലയങ്ങളിലും വി. കുർബാന അർപ്പിക്കപ്പെടുന്ന സ്ഥാപനങ്ങളിലും ദിവ്യബലി മദ്ധ്യേ വായിച്ചറിയിക്കേണ്ടതാണ്.**

# സമർപ്പിതരുടെ വർഷത്തോടനുബന്ധിച്ച് കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

കർത്താവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

**ആമുഖം**

കത്തോലിക്കാസഭ സാർവത്രികമായി 2014 നവംബർ 30 മുതൽ 2016 ഫെബ്രുവരി 02 വരെ സമർപ്പിതരുടെ വർഷമായി ആഘോഷിക്കുകയാണ്. രണ്ടാം വത്തിക്കാൻ കൗൺസിൽ പുറപ്പെടുവിച്ച സന്ന്യാസജീവിതത്തെക്കുറിച്ചുള്ള ഡിക്രിയുടെയും സഭയെക്കുറിച്ചുള്ള കോൺസ്റ്റിറ്റ്യൂഷന്റെയും 50-ാം വാർഷികത്തിന്റെ പശ്ചാത്തലത്തിലാണ് ഫ്രാൻസീസ് മാർപാപ്പാ സമർപ്പിതരുടെ വർഷം പ്രഖ്യാപിച്ചിട്ടുള്ളത്. ബെനഡിക്ട് പതിനാറാമൻ മാർപാപ്പാ പ്രഖ്യാപിച്ച വൈദികവർഷം, വിശ്വാസവർഷം, വിശുദ്ധ പൗലോസിന്റെ വർഷം എന്നിവയോട് ഇതു ചേർന്നുപോകുന്നു. ഒരു വർഷത്തിലധികം നീണ്ടുനില്ക്കുന്ന സമർപ്പിതരുടെ വർഷം കഴിഞ്ഞ കാലത്തെ നന്ദിപൂർവം ഓർത്ത് ഭാവിയിലേക്ക് പ്രതീക്ഷയോടെ ഉറ്റുനോക്കാൻ നമുക്ക് അവസരമാകുന്നു. സമർപ്പിതസമൂഹങ്ങൾ ക്രിസ്തുമതത്തിനും ലോകത്തിനും ചെയ്തിട്ടുള്ള നിസ്തുലസേവനങ്ങൾ നിരവധിയാണ്. പ്രാചീനകൃതികൾ പകർത്തി സൂക്ഷിക്കുക, വിദ്യാകേന്ദ്രങ്ങളും ആതുരശാലകളും ആശുപത്രികളും അനാഥാലയങ്ങളും നടത്തുക, തൊഴിലും കൃഷിയും പഠിപ്പിക്കുക, അടിമകളെ വീണ്ടെടുക്കുക, മതപ്രചാരണം നടത്തുക, ശാസ്ത്രീയ വളർച്ചയ്ക്ക് വഴിതെളിക്കുക തുടങ്ങിയ സേവനങ്ങൾ ലോകത്തിന് അവർണനീയമായ നേട്ടങ്ങളുണ്ടാക്കി. അത് അഭിമാനത്തോടെ നാം ഓർക്കണം. ദൈവത്തെയും ആത്മാവിനെ സംബന്ധിച്ച കാര്യങ്ങളെയും അന്വേഷിക്കുന്നവർക്ക് അവ സ്വാഗതമരുളി. വിശ്വാസത്തിന്റെ വിദ്യാലയങ്ങളും പഠനത്തിന്റെയും സംവാദത്തിന്റെയും സംസ്കാരത്തിന്റെയും യഥാർത്ഥസ്ഥാനങ്ങളുമാണവ.

**സമർപ്പിതവർഷത്തിന്റെ ലക്ഷ്യങ്ങൾ**

സമർപ്പിതരുടെ വർഷം പ്രധാനമായും ഊന്നൽ നല്കുന്നത് മൂന്നു കാര്യങ്ങൾക്കാണ്. ഒന്ന്, സമർപ്പണജീവിതമാകുന്ന വലിയ ദാനത്തിന് സഭയൊന്നാകെ ദൈവത്തിന് നന്ദി പറയുകയും അവിടത്തെ സ്തുതിക്കുകയും ചെയ്യുക. സമർപ്പണജീവിതത്തിന്റെ ബഹുമുഖരൂപങ്ങളാലും ദൈവരാജ്യത്തിനായി സമ്പൂർണസമർപ്പണം നടത്തിയ അനേകം ജീവി

തങ്ങളുടെ ഉദ്ബുദ്ധമായ പ്രവർത്തനങ്ങളാലും സഭയും ലോകവും സമ്പന്നമാക്കപ്പെടുകയും പരിപോഷിപ്പിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. അതിന് നന്ദി പറയാതിരിക്കാൻ സഭയ്ക്കു കഴിയുകയില്ല.

രണ്ട്, മുഴുവൻ ദൈവജനത്തിനിടയിലും സമർപ്പിതജീവിതത്തെക്കുറിച്ച് അറിവും മതിപ്പും വളർത്തുക. മണവാട്ടി എന്ന നിലയിലുള്ള സഭയുടെ ആന്തരികമായ പ്രകൃതിയെ ഏറ്റവും വാഗ്മിത്വത്തോടെ പ്രകാശിപ്പിക്കുന്നത് സമർപ്പിതരാണ്. ദൈവത്തിന്റെ കൃപാവരത്താൽ രൂപാന്തരപ്പെടാൻ സ്വയം അനുവദിക്കുകയും സുവിശേഷത്തോടു പൂർണമായും അനുരൂപപ്പെടുകയും ചെയ്യുന്ന സമർപ്പിതരില്ലാതെ സഭയ്ക്ക് തന്റെ ദൗത്യം പൂർണമായി പൂർത്തീകരിക്കാനാവില്ല. സുവിശേഷപ്രചരണം, ക്രൈസ്തവ വിദ്യാഭ്യാസപ്രവർത്തനം, ഏറ്റവും ആവശ്യത്തിലിരിക്കുന്നവർക്ക് സ്നേഹവും താങ്ങും നല്കൽ, ധ്യാനാത്മകപ്രാർത്ഥന, കുഞ്ഞുങ്ങളുടെയും യുവജനങ്ങളുടെയും മാനുഷികവും ആത്മീയവുമായ രൂപീകരണം, സമൂഹത്തിൽ നീതിയും സമാധാനവും സംസ്ഥാപിതമാക്കാനുള്ള ശ്രമം എന്നിവയ്ക്കെല്ലാം സമർപ്പിതർ വിശ്വാസികൾക്ക് പ്രചോദനവും മാതൃകയുമാണ്. ദൈവം നല്ലവനും കരുണാമയനുമാണെന്നതിന്റെ തെളിവുകൂടിയാണ് സമർപ്പിതർ. അവരില്ലാത്ത സഭയെപ്പറ്റി ചിന്തിക്കാനേ പറ്റില്ല (cf. ഫ്രാൻസീസ് പാപ്പാ, പ്രസംഗം, ഫെബ്രുവരി 02, 2014).

ക്രിസ്തുവിനെ അനുഗമിക്കുന്നതിന്റെയും അവിടന്നിൽ എളിയ സഹോദരരെ സ്നേഹിക്കുന്നതിന്റെയും സന്തോഷമാണ് ഈ വർഷത്തിൽ ആളുകൾക്കു സമർപ്പിതരിൽ കണ്ടെത്താൻ കഴിയേണ്ടത്. യേശുവിനോടും യേശുവിൽ മനുഷ്യകുടുംബത്തിലെ ഓരോ അംഗത്തോടും ഉള്ള സ്നേഹം മൂലം നടത്തുന്ന മൗലികമായ ആത്മദാനമാണ് സമർപ്പിതജീവിതമെന്ന കാര്യം വെളിവാക്കപ്പെടണം. അല്മായർക്ക് സമർപ്പിതജീവിതത്തെക്കുറിച്ച് ആഴമാർന്ന ധാരണ ഉണ്ടാകണമെന്നതാണ് സമർപ്പിതവർഷം കൊണ്ട് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

മൂന്ന്, കൂടുതൽ പ്രകാശിതമായ വിശ്വാസത്താൽ തങ്ങളുടെ ജീവിതവഴിയിൽ ആത്മാവ് വർഷിച്ച ദൈവികദാനങ്ങൾ വ്യത്യസ്ത സമർപ്പിതസമൂഹങ്ങൾ ഒന്നിച്ചു കണ്ടെത്താൻ ശ്രമിക്കണം. അത് സമർപ്പിതസമൂഹങ്ങൾ ഒന്നിച്ചു ചെയ്യേണ്ട കാര്യമാണ്. കർത്താവ് തങ്ങളിൽ ചൊരിഞ്ഞിട്ടുള്ള അദ്ഭുതകരമായ കാര്യങ്ങൾക്കുവേണ്ടി വ്യത്യസ്ത സമൂഹങ്ങളിൽപ്പെട്ട സമർപ്പിതർ ഒന്നിച്ചുകൂടി പങ്കുവച്ച് ആഘോഷിക്കുന്ന കാര്യമാണ്. ഒപ്പം, സഭയിൽ തങ്ങൾക്കുള്ള പകരം വയ്ക്കാനാവാത്ത ദൗത്യത്തിന്റെ സുവ്യക്തമായ ആത്മാവബോധവും നേടണം. തിരുസ്സഭയുടെ പൊതുനന്മയ്ക്കായി സഹകരിച്ചു പ്രവർത്തിക്കാൻ അതവരെ സഹായി

ക്കും. ഓരോ സമൂഹവും അതാതിനു പ്രത്യേകമായുള്ള ജോലി വിശ്വസ്തതയോടെ നിർവഹിക്കുമ്പോൾ സഭയുടെ മുഴുവന്റെയും അതാതുരൂപതയുടെയും പ്രയോജനം മുൻനിറുത്തി സ്ഥലകാലങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ച് തങ്ങളുടെ പ്രവർത്തനങ്ങൾ പുനസ്സംവിധാനം ചെയ്യാനും ഇടയാക്കും. തങ്ങളുടെ സമൂഹത്തിന്റെ സിദ്ധികൾ മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നതുവഴി സമർപ്പിതർക്ക് തങ്ങളുടെ ശുശ്രൂഷകളെക്കുറിച്ച് ആഴമാർന്ന ബോധ്യവും ഉണ്ടാകും. കൊടുക്കുമ്പോൾ കൂടുതൽ സ്വീകരിക്കുമെന്നതാണല്ലോ സത്യം.

**സമർപ്പിതസമൂഹങ്ങളുടെ പ്രവാചകദൗത്യം**

സഭയുടെ ചരിത്രത്തിൽ സമർപ്പിതസമൂഹങ്ങൾ എന്നും ഒരു പ്രവാചകദൗത്യം നിറവേറ്റിയിട്ടുണ്ട്. പ്രവാചകൻ മുഖ്യമായും വർത്തമാനകാലത്തിലും സാഹചര്യങ്ങളിലും ദൈവേഷ്ടം അറിയിക്കുന്നവനാണ്. സഭയിലും സമൂഹത്തിലും ജനങ്ങളുടെ യഥാർത്ഥ ആവശ്യങ്ങളും പ്രതീക്ഷകളും മനസ്സിലാക്കി പ്രത്യുത്തരം നല്കാനാണ് സമർപ്പിതസമൂഹങ്ങൾ സ്ഥാപിതമായത്. ìസഭയുടെ ചരിത്രത്തിലെങ്ങും ഏറ്റവും പ്രയാസം നിറഞ്ഞ സാഹചര്യങ്ങളിൽ, വിശുദ്ധരായ സ്ത്രീപുരുഷന്മാർ, എന്നും പുതുക്കത്തിന്റെ ഉണർവും ഉത്പത്തിയുമായിരുന്നു. ഇന്നു നമുക്ക് വിശുദ്ധരുടെ അത്യധികമായ ആവശ്യമുണ്ട്. അവർക്കുവേണ്ടി നാം ദൈവത്തോടു തീക്ഷ്ണതയോടെ പ്രാർത്ഥിക്കണം. സമർപ്പിതജീവിതത്തിന്റെ ഇൻസ്റ്റിറ്റ്യൂട്ടുകൾ, സുവിശേഷോപദേശങ്ങളുടെ വ്രതവാഗ്ദാനത്തിലൂടെ, ഇന്നത്തെ സഭയിൽ അവർക്കുള്ള സവിശേഷദൗത്യത്തെക്കുറിച്ച് ബോധമുള്ളവയായിരിക്കണം. അവരെ ആ ദൗത്യത്തിൽ നാം പ്രോത്സാഹിപ്പിക്കുകയും വേണംî (രണ്ടാം അസാധാരണ സിനഡ്, 1985, II, A, 4). ìസഭയുടെ ചരിത്രത്തിലുടനീളം സമർപ്പിതജീവിതം പവിത്രാത്മാവിന്റെ പ്രവർത്തനത്തിന്റെ സജീവസാന്നിധ്യമായിരുന്നു. ദൈവത്തോടും അയൽക്കാരനോടുമുള്ള സമ്പൂർണസ്നേഹത്താൽ മനുഷ്യവംശത്തെ മുഴുവനും സ്നേഹസംസ്കാരത്തിലേക്ക് ശേഖരിക്കാനുള്ള ദൈവിക പദ്ധതിക്കു സാക്ഷ്യംവഹിക്കുന്നതിന്റെ വിശേഷാനുകൂല്യപരമായ സാഹചര്യമായിരുന്നുî (9th Ordinary Synod Message, LíOsservatore Romano, 02 Nov. 1994).

ചില ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കട്ടെ. വലിയ പീഡനത്തിന്റെയും പ്രവാസത്തിന്റെയും നാളുകളിൽ വിശുദ്ധ ബെനഡിക്ട് സഭയുടെ ആഗോളവ്യാപനത്തിന് സമൂഹങ്ങൾ സൃഷ്ടിച്ചു. അവ അവയുടെ ചുറ്റുപാടുകളിൽ സ്ഥിരത കൈവരിക്കാൻ ഇടയാക്കി. സഭയും സമൂഹവും ഫ്യൂഡൽ വ്യവസ്ഥിതിക്ക് വിധേയമായപ്പോൾ വിശുദ്ധ ഫ്രാൻസീസ് ദാരിദ്ര്യത്തോ

ടുള്ള സംവേദനക്ഷമത ഉണർത്തി. ശക്തവും ശുദ്ധവുമായ വിശ്വാസ ത്തിനു വേണ്ടിയുള്ള കത്താറുകളുടെ ആഗ്രഹം വിശുദ്ധ ഡോമിനിക് തന്റേതാക്കി. നവോത്ഥാനത്തോടു പ്രത്യുത്തരിച്ചുകൊണ്ട് ക്രിസ്തുവെന്ന വ്യക്തിയിലേക്ക് മാത്രം ജീവിതത്തെ വീണ്ടും നയിക്കാൻ വിശുദ്ധ ഇഗ്നേ ഷ്യസ് ശ്രമിച്ചു. 19-ാം നൂറ്റാണ്ടിൽ അനേകം സമർപ്പിതസമൂഹങ്ങൾ കാല ഘട്ടത്തിന്റെ ആവശ്യങ്ങളോട് പ്രത്യുത്തരിക്കാൻ ജന്മമെടുത്തു. ദൈവ ത്തിൽ നിന്നുവരുന്ന ഒരു വിളിക്കുള്ള പ്രവാചകപ്രത്യുത്തരമാണ് ഇവി ടെയെല്ലാം നാം കാണുന്നത്; ഒരു പ്രത്യേക സമയത്ത് ദൈവേഷ്ടം പ്രായോഗികമാക്കാനുള്ള ശ്രമം.

**നവീകരണത്തിനുള്ള അവസരം**

രണ്ടാം വത്തിക്കാൻ കൗൺസിൽ സഭയ്ക്ക് മുഴുവനും, സമർപ്പിത ജീവിതക്കാർക്ക് പ്രത്യേകമായും പരിശുദ്ധാത്മാവിന്റെ വലിയൊരു നിശ്വ സനമായിരുന്നു. സമർപ്പിതർ കഴിഞ്ഞ 50 വർഷം തങ്ങളുടെ ജീവിതന വീകരണത്തിന്റെ ഫലപ്രദമായ ഒരു യാത്രയാണ് നടത്തിയതെന്നതിൽ സംശയമില്ല. കർത്താവിനോടും സഭയോടും തങ്ങളുടെ സമർപ്പിതസമൂ ഹത്തിന്റെ സിദ്ധിയോടും ഇന്നത്തെ ജനങ്ങളോടും സമൂഹത്തോടുമുള്ള വിശ്വസ്തതയും പ്രതിജ്ഞാബദ്ധതയും നവീകരിക്കാനാണ് കൗൺസിൽ സമർപ്പിതരോട് ആവശ്യപ്പെട്ടത്. അത് നിരന്തരം തുടരേണ്ട ഒരു പ്രക്രി യയാണ്. ലോകത്തെയും സഭയെയും ബാധിക്കുന്ന സംഘർഷങ്ങളും പ്രശ്നങ്ങളും സമർപ്പിതജീവിതത്തെയും ബാധിക്കുമെന്നത് തീർച്ച. സമർപ്പിതജീവിതത്തിന്റെ കരിസ്മാറ്റിക് മാനം മറന്ന് സ്ഥാപനവത്കര ണത്തിനും കാര്യക്ഷമതയ്ക്കും പ്രൊഫഷണലിസത്തിനും അടിമപ്പെടാ നുള്ള പ്രലോഭനം ശക്തമാകുന്നതുതന്നെ ഉദാഹരണം. ഇവ ദൗത്യനിർവ ഹണത്തിനുള്ള ഉപാധികൾ മാത്രമേ ആകാവൂ എന്ന കാര്യം മറക്കരു ത്. സ്വന്തം ശക്തിയോ കഴിവോ കൊണ്ടല്ല, മറിച്ച്, കർത്താവിലുള്ള വിശ്വാ സാശ്രയം കൊണ്ട് എല്ലാം നവീകരിക്കാൻ കഴിയുമെന്ന വലിയ പ്രതീ ക്ഷ ഉണ്ടാകണം. ഫ്രാൻസീസ് പാപ്പാ പറയുന്നതുപോലെ ആർക്കും കവർന്നെടുക്കാൻ കഴിയാത്ത പ്രതീക്ഷ (സുവിശേഷസന്തോഷം, 86) യുടെ പ്രതീകമായി സമർപ്പിതർ മാറണം.

ദൈവഹിതം മിക്കപ്പോഴും ലോകത്തിന്റെ ചൈതന്യവുമായി വൈരു ദ്ധ്യത്തിലായിരിക്കും. അസാമാന്യമായ ധീരതയും സത്യസന്ധതയും ഉണ്ടെങ്കിലേ ലോകചൈതന്യത്തിനെതിരെ നില്ക്കാൻ സാധിക്കൂ. ഇന്ന് സമർപ്പിതർ പ്രത്യേകം ഓർക്കേണ്ട ഒരു കാര്യമാണിത്. ദൈവത്തെയും അവിടത്തെ വചനത്തെയും കേന്ദ്രസ്ഥാനത്തു നിറുത്തി, സമൂഹത്തിൽ രൂപംകൊള്ളുന്ന പ്രവണതകളെ വിമർശനാത്മകമായി വിലയിരുത്തു

കയും മാർഗനിർദ്ദേശങ്ങൾ നല്കുകയും ചെയ്യാൻ സമർപ്പിതർ കടപ്പെട്ടിരിക്കുന്നു. അതു ക്ലേശകരമായ വഴിയാണ് (മത്താ 7:3-14). സ്വന്തം ജീവിതം തന്നെ മാതൃകയാകണം. സുഖാസക്തിയും അത്യാഗ്രഹവും അമിതസ്വാതന്ത്ര്യവും വർദ്ധമാനമാകുന്ന ഈ കാലഘട്ടത്തിൽ സന്ന്യസ്തജീവിതം നേരിടുന്ന വലിയൊരു വെല്ലുവിളിയാണിതെന്ന് മറക്കരുത്. ഫ്രാൻസീസ് മാർപാപ്പാ കൂടെക്കൂടെ ചോദിക്കുന്നതുപോലെ, ലോകത്തിന്റെ എല്ലാ നേട്ടങ്ങളും സൗകര്യങ്ങളും ആഡംബരങ്ങളും സമർപ്പിത ജീവിതത്തിന് ആവശ്യമാണോ എന്ന് ചിന്തിക്കണം.

ക്രിസ്തുവിനോടുള്ള വലിയ സ്നേഹവും യഥാർത്ഥ സൗഹൃദവും ആഴമാർന്ന സംസർഗവും വളർത്തിക്കൊണ്ട് വലിയ പ്രത്യാശ ഇന്ന് ലോകത്തിൽ ഉദ്ദീപിപ്പിക്കാനാണ് സമർപ്പിതർ ശ്രദ്ധിക്കേണ്ടത്. അതു തന്നെയാണല്ലോ സമർപ്പിതജീവിതത്തിന്റെ കാതൽ. സുവിശേഷോപദേശങ്ങൽ ഗൗരവപൂർവം സ്വീകരിച്ചുകൊണ്ട് സമർപ്പിതർ ദരിദ്രനും നിർമ്മലനും അനുസരണയുള്ളവനുമായ ക്രിസ്തുവിനെ കൂടുതൽ അടുത്ത് അനുകരിക്കുമ്പോൾ അതു സംഭവിക്കും. ആത്മപരിത്യാഗം, ഹൃദയാനുതാപം, ആന്തരികസമാധാനമന്വേഷിക്കൽ, ദിവ്യകാരുണ്യ കേന്ദ്രീകൃത ജീവിതം, നിരന്തരമായ പ്രാർത്ഥന, ദൈവവചനധ്യാനം, ഉപവാസം, ജാഗരണം, നിശബ്ദത, പെസഹാപരമായ സന്തോഷം എന്നിവ ജീവിതശൈലിയാക്കിയാൽ ഇന്നത്തെ ലോകത്തിന് സമർപ്പിതർ വെളിച്ചം പകരും.

**കുടുംബനവീകരണത്തിനായി പ്രവർത്തിക്കണം**

സഭ ഇക്കാലഘട്ടത്തിൽ പ്രത്യേകവിധമായി കുടുംബത്തെക്കുറിച്ച് ചിന്തിക്കുന്നു. കുടുംബങ്ങൾ അനേകം വെല്ലുവിളികൾ നേരിടുന്ന ഇന്ന് കുടുംബത്തെക്കുറിച്ചുള്ള ദൈവികപദ്ധതി ജീവിക്കാൻ കുടുംബങ്ങളെ സഹായിക്കാൻ സമർപ്പിതർ മുന്നോട്ടുവരണം. ശിഥിലമാകുന്ന കുടുംബബന്ധങ്ങൾ, വിവാഹത്തകർച്ച, മിശ്രവിവാഹങ്ങൾ, ജനനനിരക്ക് കുറയൽ, മദ്യം-മയക്കുമരുന്ന് ഉപയോഗം എന്നിവയ്ക്കെതിരെ സമർപ്പിതർ നിലകൊള്ളണം. കുടുംബം സ്നേഹിക്കുന്ന വ്യക്തികളുടെ കൂട്ടായ്മയും ജീവന്റെ ശുശ്രൂഷാവേദിയും സമൂഹത്തിന്റെ പുരോഗതിക്കായി പ്രവർത്തിക്കുന്ന അടിസ്ഥാനഘടകവും ഗാർഹികസഭയുമാക്കാനാണ് സമർപ്പിതർ പ്രതിജ്ഞാബദ്ധരാകേണ്ടത്. കുടുംബകേന്ദ്രീകൃത അജപാലനത്തിന് സമർപ്പിതർ ഊന്നൽ നല്കണമെന്നർത്ഥം. ഒരു ദൈവവിളി മറ്റൊരു ദൈവവിളി പ്രോത്സാഹിപ്പിക്കുന്നതിന് ഇടയാകുകയാണല്ലോ വേണ്ടത്. ഹോം മിഷൻ, ധ്യാനങ്ങൾ, കൗൺസലിങ് എന്നിവ രൂപതാ ഫാമിലി അപ്പോസ്റ്റലേറ്റുമായി ബന്ധപ്പെട്ട്, രൂപതയിലെ പല കോൺഗ്രിഗേഷനുകൾ ഒന്നിച്ച് നടപ്പാക്കാൻ ശ്രമിക്കണം. ക്രിസ്തീയകുടുംബങ്ങളിൽ

വിശുദ്ധി നിറയാൻ പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്ത രണ്ടു വിശുദ്ധരെ സമർപ്പിതവർഷത്തിന്റെ ആരംഭത്തിൽ കേരളസഭയ്ക്ക് ലഭിച്ചിരിക്കുന്നതുതന്നെ അതിന് സമർപ്പിതർക്ക് പ്രചോദനമാകുന്നു.

കുടുംബങ്ങളുടെ ഭാഗത്തുനിന്നുണ്ടാകേണ്ട ഒരു കാര്യം പ്രത്യേകം സൂചിപ്പിക്കട്ടെ. ദൈവത്തിന്റെ സ്നേഹം ലോകത്തിൽ വ്യാപിപ്പിക്കുന്നതിനും സുവിശേഷോപദേശങ്ങളുടെ വഴിയിൽ ആഴത്തിൽ സഞ്ചരിക്കുന്നതിനും കുട്ടികളിൽ ഒരാളെ കർത്താവിനു വിട്ടുകൊടുക്കാനുള്ള ഒരാഗ്രഹം മാതാപിതാക്കന്മാർ ഹൃദയത്തിൽ സൂക്ഷിക്കുകയും പ്രാർത്ഥിക്കുകയും വേണം. ദാമ്പത്യസ്നേഹത്തിന്റെ മറ്റൊരു ഫലവും ഇതിനെക്കാൾ സുന്ദരമല്ലെന്ന് ഓർക്കണം. മാതാപിതാക്കന്മാർ സുവിശേഷമൂല്യങ്ങൾ അനുസരിച്ച് ജീവിച്ചാലേ മക്കൾക്ക് വിളി തിരിച്ചറിയാനും സ്വീകരിക്കാനും നേരിടേണ്ട ത്യാഗങ്ങളുടെ ആവശ്യം മനസ്സിലാക്കാനും കഴിയൂ. എന്തെന്നാൽ, കുടുംബത്തിലാണ് സുവിശേഷമൂല്യങ്ങളുടെയും ദൈവത്തിനും സഹോദരങ്ങൾക്കും ആത്മദാനമാകുന്ന സ്നേഹത്തിന്റെയും ആദ്യാനുഭവം കുട്ടികൾക്ക് ഉണ്ടാകുന്നത്. അത്യുന്നതമായ ആധ്യാത്മിക യാഥാർത്ഥ്യങ്ങൾക്കനുസൃതമായി ജീവിക്കുന്നതിന് മക്കൾ സജ്ജീകൃതരാകണം (cf. സമർപ്പിതജീവിതം, 107).

**ഉപസംഹാരം**

സമർപ്പിതരുടെ ഈ വർഷം സമർപ്പിതജീവിതം കൂടുതൽ അഗാധമായി മനസ്സിലാക്കാൻ ഇടയാകട്ടെ. സഭയിലെ വിവിധ സിദ്ധികളും ജീവിതാവസ്ഥകളും ക്രിസ്തുവിന്റെ ശരീരത്തെ പടുത്തുയർത്താനും സഭയ്ക്ക് ലോകത്തിലുള്ള ദൗത്യം നിർവഹിക്കാനുമായി പരിശുദ്ധാത്മാവ് നല്കുന്ന ദാനമാണെന്ന ഒരു ബോധ്യത്തോടെ പ്രവർത്തിക്കാനും ഇടയാകട്ടെ. സമർപ്പിതരായ സ്ത്രീപുരുഷന്മാർ സഭയോടും അവളുടെ പ്രബോധനാധികാരത്തോടും ഉള്ള സമ്പൂർണഐക്യത്തിൽ നമ്മുടെ കാലഘട്ടത്തിലെ പുതിയ വെല്ലുവിളികളെ ആധ്യാത്മികവും അപ്പസ്തോലികവുമായ രീതിയിൽ നേരിടാൻ തയ്യാറാകട്ടെ.

സമർപ്പിതവർഷം ഏറ്റവും വലിയ സമർപ്പിതയായ പരിശുദ്ധ കന്യകമറിയത്തെ അനുകരിച്ചുകൊണ്ട് ആചരിക്കാനും ആധ്യാത്മികവും അപ്പസ്തോലികവുമായ നവീകരണം സമർപ്പിതസമൂഹങ്ങൾക്ക് ഉണ്ടാകാനും ഇടയാകട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹത്തോടെ,

**കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ**

പ്രസിഡന്റ്, കെ.സി.ബി.സി.

**ആർച്ച്ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**
വൈസ് പ്രസിഡന്റ്, കെ.സി.ബി.സി.

**ബിഷപ്പ് ജോസഫ് കരിയിൽ**
സെക്രട്ടറി ജനറൽ, കെ.സി.ബി.സി.

NB: 2014 നവംബർ 23-ാംതീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

---

# തൂവാനീസ പ്രോഗ്രാം

| | |
|---|---|
| ഡിസംബർ 7 – 11 | മരിയൻ ദിവ്യകാരുണ്യാനുഭവ ധ്യാനം |
| 13 | യുവജന കൂട്ടായ്മ |
| 14 – 19 | പരിശുദ്ധാത്മാഭിഷേക ധ്യാനം<br>(ഫാ. ജിബിൽ കുഴിവേലിൽ,<br>ബ്ര. തോമസ് കുര്യൻ & ടീം) |
| 21– 24 | ക്രിസ്റ്റീൻ ധ്യാനം |
| 28 – ജനുവരി 1 | ആന്തരീക വിശുദ്ധീകരണ ധ്യാനം<br>(ഫാ. അബ്രഹാം കൊച്ചുപറമ്പിൽ & ടീം) |

# CHAITHANYA PROGRAMME
## December 2014

| Date | Programme |
|---|---|
| 3 | Co-ordinators Meeting |
| 4 | Animators Meeting |
| 5-8 | HSC Student Civil Service Orientation Camp |
| 9-10 | Regional Workshop Social Justice Dept |
| 11-12 | Mahatma Gandhi University Academic Council Meeting |
| 13 | Catechism Prathibha Sangamam |
| 13 | KCWA Annual Meeting |
| 16 | Bi- Monthly Recollection of Rev. Priests |
| 20-23 | Knanaya Stars Programme |
| 28-30 | FVTRS Programme |
| 30-31 | VHC Teachers Trainning |

# കൂരിയാ വാർത്തകൾ

പ്രിയ ബഹു. അച്ചാ,

നമ്മുടെ അതിരൂപതയിൽ വൈദികനായി സേവനം അനുഷ്ഠിച്ചിരുന്ന ഇല്ലിക്കുന്നുംപുറത്ത് ബഹു. ജോസ് അച്ചൻ കത്തോലിക്കാ പൗരോഹിത്യം ഉപേക്ഷിച്ചതായി മനസ്സിലാക്കുന്നു. ആയതിനാൽ അദ്ദേഹത്തിന് കത്തോലിക്കാ പൗരോഹിത്യത്തിനടുത്ത കർമ്മങ്ങൾ അനുഷ്ഠിക്കുവാൻ അവകാശമുണ്ടായിരിക്കുന്നതല്ല എന്ന് അറിയിക്കുന്നു.

സ്നേഹപൂർവ്വം

മാർ മാത്യു മൂലക്കാട്ട്

കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

# വൊക്കേഷൻ കമ്മീഷൻ

## പേരന്റ്സ് ഡേ & സ്പോൺസേഴ്സ് ഡേ

വൈദീക വിദ്യാർത്ഥികളുടെ മാതാപിതാക്കളുടെയും സെമിനാരി പരിശീലനത്തിൽ സഹായിക്കുന്ന സ്പോൺസർമാരുടെയുംസംഗമം 2014 നവംബർ 8-ാം തീയതി ശനിയാഴ്ച നടത്തപ്പെട്ടു. രാവിലെ 9.30ന് അഭിവന്ദ്യ മാർ ജോസഫ് പണ്ടാരശേരിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ വി. ബലിയർപ്പിച്ചു. തുടർന്നു നടന്ന പൊതുസമ്മേളനത്തിൽ അഭിവന്ദ്യ മാർ മാത്യു മൂലക്കാട്ട് പിതാവും, മാർ ജോസഫ് പണ്ടാരശേരി പിതാവും മുഖ്യാതിഥികളായിരുന്നു.

കുടുംബമാണ് ദൈവവിളിയുടെ ഉറവിടമെന്നും നല്ല ദൈവവിളികൾ നമ്മുടെ കുടുംബങ്ങളിൽ നിന്നും ഉണ്ടാകാനും അതുവഴി നമ്മുടെ അതിരൂപതയ്ക്ക് ധാരാളം നല്ല വൈദികരെ ലഭിക്കാനും ഏവരും ശ്രദ്ധിക്കണമെന്ന് ഉദ്ഘാടന പ്രസംഗത്തിൽ മാർ മൂലക്കാട്ട് ആഹ്വാനം ചെയ്തു. തുടർന്ന് സ്നേഹവിരുന്നും നടന്നു.

**ഫാ. ജോസ് തേക്കുനിൽക്കുന്നതിൽ**

(ചെയർമാൻ)

# വിശ്വാസപരിശീലന കമ്മീഷൻ

## പേരന്റ്സ് ഡേ & സ്പോൺസേഴ്സ് ഡേ

**പരീക്ഷാ രജിസ്ട്രേഷൻ**

പത്താം ക്ലാസ്സിലെയും H.CC, XII ലെയും വാർഷിക പരീക്ഷയുടെ പൂരിപ്പിച്ച രജിസ്ട്രേഷൻ ഫോം ഇനിയും എത്തിക്കാത്തവർ നിർബന്ധമായും 2014 ഡിസംബർ 10 ന് മുമ്പായി ഓഫീസിൽ എത്തിക്കേണ്ടതാണ്.

**H.CC അവാർഡ് ക്യാമ്പ്**

സീറോ മലബാർ വിശ്വാസ പരിശീലന കമ്മീഷൻ 12-ാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്കായി നടത്തുന്ന അവാർഡ് ക്യാമ്പിന്റെ ഒരുക്കമായി കോട്ടയം അതിരൂപത സെലക്ഷൻ ക്യാമ്പ് 2014 ഡിസംബർ 13 ന് ശനിയാഴ്ച രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 4 വരെ ചൈതന്യ പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്നു.

**വിശ്വാസപരിശീലനദിനം**

2014 ഡിസംബർ 14 ഞായറാഴ്ച നമ്മുടെ അതിരൂപത വിശ്വാസപരിശീലനദിനമായി ആചരിക്കുന്നു. ഫലപ്രദമായി നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. നമ്മുടെ അതിരൂപതയിലെ വിശ്വാസ പരിശീലന പ്രവർത്തനങ്ങൾക്ക് വിശ്വാസ പരിശീലനദിന സ്തോത്ര കാഴ്ച ഏറെ ഉപകരിക്കുന്നുണ്ട്. ഏവരുടെയും സഹകരണം ഉറപ്പാക്കാൻ ബഹു. വികാരിമാർ ശ്രദ്ധിക്കുമല്ലോ.

ഫാ. ജോസഫ് തറപ്പുതൊട്ടിയിൽ

# തിരുബാലസഖ്യം

## ക്യാമ്പ് നടത്തി

കോട്ടയം: അതിരൂപത തിരുബാലസഖ്യ ദ്വിദിന ക്യാമ്പ് ചൈതന്യ പാസ്റ്റൽ സെന്ററിൽ നടത്തി. വികാരി ജനറാൾ മോൺ. മാത്യു ഇളപ്പാനിക്കൽ ഉദ്ഘാടനം ചെയ്തു. അതിരൂപത ഡയറക്ടർ ഫാ. ജിനു കാവിൽ സ്വാഗതവും സിസ്റ്റർ ജോൺസിയ എസി.വി.എം നന്ദിയും പറഞ്ഞു.

സിസ്റ്റർ അർച്ചന എസ്.ജെ.സി, സിസ്റ്റർ റെനിറ്റ് എസ്.ജെ.സി, സിസ്റ്റർ ആഷ്ന എസ്.ജെ.സി എന്നിവർ ക്ലാസുകൾ നയിച്ചു. സിസ്റ്റർ ഷൈനാ എസ്.വി.എം, സിസ്റ്റർ സ്റ്റാർലെറ്റ് എസ്.വി.എം, സിസ്റ്റർ ബിജി എസ്. വി.എം എന്നിവർ നേതൃത്വം നൽകി. ബെസ്റ്റ് ക്യാമ്പറായി അലൻ അജു നീണ്ടൂർ, ഡോണ അന്ന അനിൽ ഒളശ എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു.

ഫാ. ജിനു കാവിൽ
(ഡയറക്ടർ)

# കെ. സി. ഡബ്ല്യു. എ.

## അതിരൂപതാ വാർഷികം ഡിസംബർ 13ന്

2014 ഡിസംബർ 13-ാം തീയതി ചൈതന്യ പാസ്റ്ററൽ സെന്ററിൽ വച്ച് കെ.സി.ഡബ്ല്യൂ.എ. അതിരൂപതാ വാർഷികം നടത്തപ്പെടുന്നു. അന്നേ ദിവസം രാവിലെ 10.30ന് പ്രതിനിധി സമ്മേളനം നടത്തുന്നതും തുടർന്ന് 11.30ന് തുമ്പ സെന്റ് സേവ്യേഴ്സ് കോളേജ് വൈസ് പ്രിൻസിപ്പൽ ഡോ. ഐറിസ് "വിശ്വാസം കുടുംബജീവിതത്തിൽ – വെല്ലുവിളികളും സാദ്ധ്യതകളും" എന്ന വിഷയത്തിൽ സെമിനാർ നയിക്കുന്നതുമാണ്. ഉച്ചകഴിഞ്ഞ് 3 മണിക്ക് കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട് പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുന്നതും മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി പ്രൊ. വൈസ് ചാൻസലർ ഡോ. ഷീന ഷുക്കൂർ മുഖ്യപ്രഭാഷണം നടത്തുന്നതുമാണ്.

ഉച്ചകഴിഞ്ഞ് 1.30 മുതൽ 3 മണിവരെ എല്ലാ ഫൊറോനകളിലെയും അംഗങ്ങളുടെ വിവിധങ്ങളായ കലാപരിപാടികൾ ഉണ്ടായിരിക്കുന്നതാണ്. ഈ വാർഷികാഘോഷങ്ങളിലേയ്ക്ക് എല്ലാ കെ.സി.ഡബ്ല്യൂ.എ. അംഗങ്ങളേയും പ്രത്യേകമായി ക്ഷണിക്കുന്നു.

ബീനാ രാജു നീറിക്കാട്
അതിരൂപതാ സെക്രട്ടറി

# കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി

## ചൈതന്യ കാർഷിക മേളയ്ക്കും

## സ്വാശ്രയസംഘ മഹോത്സവത്തിനും വർണ്ണാഭമായ പരിസമാപ്തി

അതിരൂപതയുടെ സാമൂഹിക സേവന വിഭാഗമായ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ നവംബർ 26 മുതൽ 30 വരെ സംഘടിപ്പിച്ച 17-ാമത് ചൈതന്യ കാർഷികമേളയ്ക്കും സ്വാശ്രയസംഘ മഹോത്സവത്തിനും വർണ്ണാഭമായ പരിസമാപ്തി. കാർഷിക മഹോത്സവത്തിന്റെ ഉദ്ഘാടന ദിനം സർഗ്ഗസംഗമ ദിനമായിട്ടാണ് ആചരിച്ചത്. രാവിലെ 10.15 ന് കെ.എസ്.എസ്.എസ് പ്രസിഡന്റ് മോൺ മാത്യു ഇളപ്പാനിയ്ക്കൽ പതാക ഉയർത്തി. തുടർന്ന് സി.ബി.ആർ മേഖല കലാപരിപാടികളും വിത്ത് പൂക്കള മത്സരവും നടത്തപ്പെട്ടു. 11 മണിക്ക് സാമൂഹിക പുരോഗതിയിൽ സ്വയം സഹായ സംഘങ്ങളുടെ പങ്ക് എന്ന വിഷയത്തിൽ തിരുവനന്തപുരം സി.സി.ഡി.യു ഡയറക്ടർ ഡോ. വി സുഭാഷ് ചന്ദ്രബോസ് സെമിനാർ നയിച്ചു. തുടർന്ന് ഭിന്നശേഷിയുള്ളവർക്കായി ഫ്രൂട്ട്സ് ആൻഡ് വെജിറ്റബിൾ അറേഞ്ച്മെന്റ്, കരകൗശല വസ്തുക്കളുടെ നിർമ്മാണം, വെളുത്തുള്ളി പൊളിയ്ക്കൽ , നാരങ്ങ പിഴിച്ചിൽ, ഈർക്കിലി ചീകൽ, വാഴചുണ്ട് പൊളിയ്ക്കൽ എന്നീ മത്സരങ്ങൾ നടത്തപ്പെട്ടു. 12.30 ന് കാർഷിക മത്സരങ്ങളായ ഞാറ് നടീൽ, വാഴപ്പിണ്ടി പോളിക്കൽ എന്നിവയും തുടർന്ന് ഇടയ്ക്കാട് കലാപരിപാടികളും നടത്തപ്പെട്ടു. മഹോത്സവത്തിന്റെ ഉദ്ഘാടനം സുപ്രസിദ്ധ ചലച്ചിത്രതാരം ശ്രീനിവാസൻ നിർവ്വഹിച്ചു. കെ.സി.ബി.സി അൽമായ കമ്മീഷൻ ചെയർമാൻ മാർ മാത്യു അറയ്ക്കൽ അദ്ധ്യക്ഷത വഹിച്ചു. റബ്കോ ചെയർമാൻ വി.എൻ വാസവൻ എക്സ് എം.എൽ.എ, എം.ജി യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ ഡോ. ബാബു സെബാസ്റ്റ്യൻ, ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് റെയ്ച്ചൽ ജോക്കബ്, അതിരമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. ജെ ജോർജ്ജ്, കോട്ടയം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ വി. ജെ ആന്റണി, കെ.എസ്.എസ്.എസ് ബോർഡ് മെമ്പർ ഷീല സ്റ്റീഫൻ, കെ.എസ്.എസ്.എസ്. സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട്, കെ.എസ്.എസ്.എസ് സി.ബി.ആർ ഫെഡറേഷൻ പ്രസിഡന്റ് തോമസ്

കൊറ്റോടം ഫീൽഡ് സ്റ്റാഫ് പ്രതിനിധി ജെസ്സി ജോസഫ്, ചൈതന്യ പാസ്റ്ററൽ സെന്റർ അസി. ഡയറക്ടർ ഫാ. ജിനു കാവിൽ എന്നിവർ പ്രസംഗിച്ചു. ഭിന്നശേഷിയുള്ളവരുടെ ബാൻഡ് സെറ്റ് മത്സരവും നടത്തപ്പെട്ടു. അന്നേദിവസം നടത്തപ്പെട്ട കലാസന്ധ്യയുടെ ഉദ്ഘാടനം വൈകല്യത്തെ വെല്ലുന്ന സർഗ്ഗാത്മക കലാകാരി കുമാരി കൺമണി നിർവ്വഹിച്ചു.

ഭക്ഷ്യ സുരക്ഷ ദിനമായി ആചരിച്ച മേളയുടെ രണ്ടാം ദിവസം മലങ്കര മേഖലയുടേയും കൈപ്പുഴ മേഖലയുടേയും കലാപരിപാടികൾ നടത്തപ്പെട്ടു.ഉച്ചകഴിഞ്ഞ് 2.30 ന് നടത്തപ്പെട്ട ഭക്ഷ്യസുരക്ഷാദിന പൊതു സമ്മേളനം ജലവിഭവ വകുപ്പ് മന്ത്രി പി.ജെ. ജോസഫ് ഉദ്ഘാടനം ചെയ്തു. കെ.സി.ബി.സി ജസ്റ്റിസ് പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ ഡോ. തോമസ് മാർ കുറിലോസ് അദ്ധ്യക്ഷത വഹിച്ചു. ഗ്രാമവികസന വകുപ്പ് മന്ത്രി കെ. സി ജോസഫ് മുഖ്യപ്രഭാക്ഷണം നടത്തി. എം.ജി യൂണിവേഴ്സിറ്റി പ്രൊ വൈസ് ചാൻസിലർ ഡോ. ഷീന ഷുക്കൂർ, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ഡോ ബ്രാൻഡ്സൻ കോറി ഐ.എഫ്.എസ്, കെ.എസ്.എസ്.എസ്. സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട്, കോട്ടയം പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർ ജയശ്രീ. വി, ജലനിധി ആർ.പി. എം.യു തൊടുപുഴ റീജിയണൽ പ്രൊജക്ട് ഡയറക്ടർ ഡോ. സാബു വർഗ്ഗീസ്, കേരള അഡ്വർറ്റൈസ്മെന്റ് ഏജൻസി അസോസിയേഷൻ രക്ഷാധികാരി ജോസഫ് ചാവറ, കോട്ടയം പ്രസ് ക്ലബ് സെക്രട്ടറി ഷാലു മാത്യു, കെ.എസ്.എസ്.എസ് സ്റ്റാഫ് അലുമിനി അസോസിയേഷൻ പ്രതിനിധി ലിൻസ് മാത്യു, നവോമി ഫെഡറേഷൻ പ്രതിനിധി ലീലാമ്മ തോമസ്, കോർഡിനേറ്റർ ജെസ്സി മാത്യു, കെ.എസ്.എസ്.എസ് അസി. സെക്രട്ടറി ഫാ. ബിബിൻ കണ്ടോത്ത് എന്നിവർ പ്രസംഗിച്ചു. പരിസ്ഥിതി ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ പ്രായോഗികതലത്തിൽ എന്ന വിഷയത്തിൽ എനർജി മാനേജ്മെന്റ് സെന്റർ കേരള ടെക്നോളജിസ്റ്റ് ബി.വി സുഭാഷ് ബാബു അന്നേദിവസം സെമിനാർ നയിച്ചു. സുന്ദരൻ താടി മത്സരവും കാർഷിക മത്സരങ്ങളായ നാടൻ ഭാരോദ്വഹനം, കൊയ്ത്ത് പാട്ട്, നെല്ല് കുത്ത്, വെജിറ്റബിൾ ഫാൻസി ഡ്രസ്സ് എന്നിവയും നടത്തപ്പെട്ടു തുടർന്ന് കോള്ജ് വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട്

മൂകാഭിനയ മത്സരവും വാവ സുരേഷ് നയിച്ച പാമ്പുകളെക്കുറിച്ചുള്ള ബോധവത്ക്കരണ പരിപാടിയും നടത്തപ്പെട്ടു. കലാസന്ധ്യയുടെ ഉദ്ഘാടനം രാജഹംസം ഫെയിം ചന്ദ്രലേ നിർവ്വഹിച്ചു.

28-ാം തീയതി ഉഴവൂർ മേഖലയുടേയും കടുത്തുരുത്തി മേഖലയുടേയും കലാപരിപാടികൾ നടത്തപ്പെട്ടു. തുടർന്ന് വികസനോൻമുഖ കാഴ്ചപ്പാടുകളും സാമൂഹ്യ വ്യവസ്ഥതിയും എന്ന വിഷയത്തിൽ കെ.പി.സി.സി പ്രസിഡന്റ് വി.എം സുധീരൻ പ്രഭാഷണം നടത്തി. ഉച്ചകഴിഞ്ഞ് നടത്തപ്പെട്ട ജൈവവൈവിധ്യദിന പൊതുസമ്മേളനം ധനകാര്യ വകുപ്പ് മന്ത്രി കെ.എം. മാണി ഉദ്ഘാടനം ചെയ്തു. ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി അനൂപ് ജേക്കബ് അദ്ധ്യക്ഷത വഹിച്ചു. നാഗ്പൂർ അതിരൂപത മെത്രാപ്പൊലിത്ത മാർ അബ്രാഹം വിരുത്തിക്കുളങ്ങര, കൊഹിമ രൂപത മെത്രാൻ മാർ ജെയിംസ് തോപ്പിൽ എന്നിവർ അനുഗ്രഹ പ്രഭാഷണങ്ങൾ നടത്തി. സമ്മേളനത്തോടനുബന്ധിച്ച് ചൈതന്യ ജീവകാരുണ്യ നിധി ചികിത്സാ സഹായ വിതരണം കുട്ടിയമ്മ മാണി നിർവ്വഹിച്ചു. ചീഫ് വിപ്പ് പി. സി ജോർജ്ജ് മുഖ്യപ്രഭാഷണം നടത്തി. ഇ.എസ്. ബിജിമോൾ എം.എൽ.എ., കെ.എസ്.എസ്.എസ് ബോർഡ് മെമ്പർ തോമസ് ചാഴികാടൻ എക്സ് എം.എൽ.എ, കെ.എസ്.എസ്.എസ്. സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട്, കേരള സ്റ്റേറ്റ് സോഷ്യൽ വെൽഫെയർ ബോർഡ് സെക്രട്ടറി ഡോ. എ ഫിലിപ്പോസ്, കേരള സോഷ്യൽ സർവ്വീസ് ഫോറം എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജോർജ്ജ് വെട്ടിക്കാട്ടിൽ, കെ.എസ്.എസ്.എസ് സീനിർ സ്വാശ്രയസംഘ ഫെഡറേഷൻ പ്രസിഡന്റ് എം. സി മൈക്കിൾ, കെ.എസ്.എസ്.എസ്, പ്രോഗ്രാം ഓഫീസർ സിജോ തോമസ് എന്നിവർ പ്രസംഗിച്ചു. തുടർന്ന് നാടോടി നൃത്ത മത്സരം, കേശദാദി മത്സരം, സിനിമാറ്റിക് ഡാൻസ് മത്സരം, വനിത കബടി മത്സരം എന്നിവയും കാർഷിക മത്സരങ്ങളായ നെല്ല് വീശിയെടുക്കൽ, മീൻപിടുത്തം, കോക്കനട്ട് ഒളിമ്പിക്സ് എന്നിവയും നടത്തപ്പെട്ടു. കലാസന്ധ്യയുടെ ഉദ്ഘാടനം ചലച്ചിത്രതാരം മോളി ആന്റി നിർവ്വഹിച്ചു.

സ്വാശ്രയസംഗമദിനമായി ആചരിച്ച മേളയുടെ നാലാം ദിനത്തിൽ ഹൈറേഞ്ച്, ചുങ്കം മേഖലകളുടെ കലാപരിപാടികൾ നടത്തപ്പെട്ടു. സ്വാശ്രയ സംഗമം ദിനത്തിൽ പ്രത്യേകമായി കുട്ടികൾക്കായി വിവിധ

പരിപാടികൾ സംഘടിപ്പിച്ചിരുന്നു. ഡി ഫോർ ഡാൻസ് മത്സരവും വാവ സുരേഷ് നയിച്ച നാഗലോകത്തേക്ക് എന്ന പാമ്പുകളെക്കുറിച്ചുള്ള ബോധവത്ക്കരണ പരിപാടിയും കാർഷിക മത്സരങ്ങളായ ഓലപ്പന്ത് നിർമ്മാണം, ഓലമെടച്ചിൽ, കച്ചിത്തിരി നിർമ്മാണം എന്നിവയും നടത്തപ്പെട്ടു. ഉച്ചകഴിഞ്ഞ് നടത്തപ്പെട്ട സ്വാശ്രയസംഗമദിന പൊതുസമ്മേളനത്തിന്റെ ഉദ്ഘാടനം വന ഗതാഗത പരിസ്ഥിതി വകുപ്പ് മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ നിർവ്വഹിച്ചു. സുരേഷ് കുറുപ്പ് എം.എൽ.എ. അദ്ധ്യക്ഷത വഹിച്ചു. റോഷി അഗസ്റ്റിൻ എം.എൽ.എ, കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നിർമ്മല ജിമ്മി, കേരളാ ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ പി.കെ. സ്റ്റീഫൻ, കെ.എസ്.എസ്.എസ്. സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട്, ഹോർട്ടികൾച്ചർ മിഷൻ ജോയിന്റ് ഡയറക്ടർ ബീനാ ജേക്കബ്, ആകാശവാണി വയലും വീടും പ്രോഗ്രാം എക്സിക്യൂട്ടീവ് മുരളീധരൻ തഴക്കര, നബാർഡ് കോട്ടയം ജില്ലാ ഡെവലപ്പ്മെന്റ് ഓഫീസർ ഷാജി സക്കറിയ, കെ.എസ്.എസ്.എസ് വനിത സ്വാശ്രയ സംഘ ഫെഡറേഷൻ സെക്രട്ടറി സുകുമാരി വിജയൻ, കോട്ടയം അസിസ്റ്റന്റ് കമാൻഡന്റ് ഓഫ് പോലീസ് ജി. അശോക് കുമാർ, കെ.എസ്.എസ്.എസ് വനിത സ്വശ്രയസംഘ ഫെഡറേഷൻ സെക്രട്ടറി സുകുമാരി വിജയൻ, കെ.എസ്.എസ്.എസ് പ്രോഗ്രാം ഓഫീസർ സി. ലിനറ്റ് ഡി.സി.പി.ബി എന്നിവർ പ്രസംഗിച്ചു. വൈകുന്നേരം കോമഡി സ്കിറ്റ് മത്സരവും തുടർന്ന് കോട്ടയം ജില്ലാ പോലീസ് ടീമും കോട്ടയം ജില്ലാ എക്സൈസ് ടീമും തമ്മിലുള്ള പ്രദർശന വടംവലി മത്സരവും സംഘടിപ്പിച്ചു. കോട്ടയം ജില്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ ബി. സുരേഷ് കുമാർ മുഖ്യാതിഥിയായി പങ്കെടുത്തു. മമ്മി ആൻഡ് മി റിയാലിറ്റി ഷോയും വോയിസ് ഓഫ് കൊച്ചിൻ അവതരിപ്പിക്കുന്ന ചലച്ചിത്ര ടി. വി താരങ്ങൾ അണിനിരന്ന മെഗാ ഷോയും നടത്തപ്പെട്ടു.

കാർഷിക മേളയുടെ സമാപന സമ്മേളനം ബഹു. കേരള മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഉദ്ഘാടനം ചെയ്തു. കോട്ടയം അതിരൂപത മെത്രാപ്പോലീത്താ മാർ മാത്യു മുലക്കാട്ട് അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന മോട്ടോർ വകുപ്പുമായി സഹകരിച്ച് കെ.എസ്.എസ്.എസ് നടപ്പിലാക്കുന്ന റോഡ് സുരക്ഷാ പദ്ധതിയുടെ ഉദ്ഘാടനം വന ഗതാഗത പരിസ്ഥിതി വകുപ്പ് മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ നിർവ്വഹിച്ചു. സമ്മേളന

ത്തോടനുബന്ധിച്ച് സൗത്ത് ഇന്ത്യൻ ബാങ്കിന്റെ സഹകരണത്തോടെ കെ.എസ്.എസ്.എസ് നടപ്പിലാക്കുന്ന ചൈതന്യ ജീവകാരുണ്യ ആംബുലൻസ് പദ്ധതിയുടെ താക്കോൽ ദാന നിർവ്വഹണ കർമ്മം സൗത്ത് ഇന്ത്യൻ ബാങ്ക് എം.ഡിയും, സി.ഇ.ഒ യുമായ വി.ജി മാത്യു നിർവ്വഹിച്ചു. ജോയി അബ്രഹാം എം. പി, മോൻസ് ജോസഫ് എം. എൽ.എ, കോട്ടയം ജില്ലാ പഞ്ചായത്ത് മുൻ വൈസ് പ്രസിഡന്റ് അഡ്വ. ഫിൽസൺ മാത്യൂസ്, കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട്, തോമസ് ചാഴികാടൻ എക്സ്. എം.എൽ.എ, എഫ്. വി.റ്റി.ആർ.എസ് എക്സിക്യൂട്ടീവ് ഡയറക്ടർ പി.എം ഫിലിപ്പ്, അർച്ചന വിമൻസ് സെന്റർ ഡയറക്ടർ മിസ്സ് ത്രേസ്യാമ്മ മാത്യു, കെ.എസ്.എസ്.എസ് പുരുഷ സ്വാശ്രയസംഘ ഫെഡറേഷൻ സെക്രട്ടറി റോയി ജേക്കബ്, കെ.എസ്. എസ്.എസ്. അസി. സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ എന്നിവർ പ്രസംഗിച്ചു. സമ്മേളനത്തിന് മുന്നോടിയായി ചൈതന്യ ജീവകാരുണ്യ ആംബുലൻസ് പദ്ധതിയുടെ ഫ്ളാഗ് ഓഫ് കർമ്മം മുഖ്യമന്ത്രി നിർവ്വഹിച്ചു. കാർഷിക മേളയുടെ സമാപന ദിനത്തിൽ കുടുംബാധിഷ്ഠിത ഭക്ഷ്യ സുരക്ഷ പ്രവർത്തനങ്ങളും വീട്ടുകൃഷി വർഷാചരണവും എന്ന വിഷയത്തിൽ സംഘടിപ്പിച്ച സെമിനാറിന് സംസ്ഥാന വിവരാവകാശ കമ്മീഷണർ ഡോ. കുര്യാസ് കുമ്പളക്കുഴി നേതൃത്വം നൽകി. തുടർന്ന് കർഷക ദമ്പതി പ്രശ്നോത്തരി മത്സരവും കാർഷിക മത്സരങ്ങളായ വെള്ളം തേകൽ, പൈനാപ്പിൾ ചെത്ത്, തേങ്ങാ പൊതിക്കൽ എന്നിവയും നടത്തപ്പെട്ടു. ഉച്ചകഴിഞ്ഞ് പൊതുവിഭാഗത്തിൽ തലയണയടി മത്സരവും സംഘടിപ്പിച്ചു. തുടർന്ന് പ്രണയവർണ്ണങ്ങൾ ദമ്പതി ഡാൻസ് മത്സരവും സ്വാശ്രയസംഘ കലാവിരുന്നും കട്ടച്ചിറ മേരി മൗണ്ട് പബ്ളിക് സ്കൂൾ ആൻഡ് ജൂനിയർ കോളേജ് അണിയിച്ചൊരുക്കിയ കലാവിരുന്ന് ചൈതന്യ നിലാവും നടത്തപ്പെട്ടു. സമാപനദിനത്തോടനുബന്ധിച്ച് ചൈതന്യ ജീവകാരുണ്യ നിധി സമ്മാന കൂപ്പൺ നറുക്കെടുപ്പും ഒരുക്കിയിരുന്നു.

അഞ്ച് ദിനങ്ങളിലായി സംഘടിപ്പിച്ച മേളയിൽ പതിനായിരക്കണക്കിന് ആളുകളാണ് സന്ദർശകരായി എത്തിച്ചേർന്നത്. കാർഷിക വിള പ്രദർശനങ്ങൾ, പൊതുവിള പ്രദർശന മത്സരം, വിവിധ ഗവൺമെന്റ് സന്നദ്ധ സംഘടനകളുടെ പ്രദർശന വിപണന സ്റ്റാളുകൾ,

ആസ്വാദ്യകരമായ കലാവിരുന്നുകൾ, പുഷ്പഫല വൃക്ഷാദികളുടെയും പക്ഷിമൃഗാദികളുടെയും പ്രദർശനവും വിപണനവും, പൗരാണിക ഭോജന ശാല, കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ ഉല്ലാസ പ്രദമായ അമ്യൂസ്മെന്റ് പാർക്ക്, 200ൽ പരം പ്രദർശന വിപണന സ്റ്റാളുകൾ, വിഞ്ജാനവും വിനോദവും നിറയ്ക്കുന്ന വിസ്മയക്കാഴ്ചകൾ, കൂൺമേള, കാർഷിക മത്സരങ്ങൾ, സ്വാശ്രയസംഘ കലാവിരുന്നുകൾ, സാമൂഹിക ക്ഷേമ കർമ്മ പദ്ധതികളുടെ ഉദ്ഘാടനം തുടങ്ങിയ നിരവധിയായ പ്രവർത്തനങ്ങൾ മേളയോടനുബന്ധിച്ച് നടത്തപ്പെട്ടു. സംസ്ഥാന സർക്കാരിന്റെയും കൃഷി വകുപ്പിന്റെയും ആകാശവാണിയുടെയും പങ്കാളിത്തത്തോടെയാണ് മേള നടത്തപ്പെട്ടത്.

**ഫാ. മൈക്കിൾ വെട്ടിക്കാട്ട്**
സെക്രട്ടറി, കെ.എസ്.എസ്.എസ്

# മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി

## ഗോത്രവർഗ്ഗ വികസന പദ്ധതി ഉദ്ഘാടനം ചെയ്തു

കണ്ണൂർ : മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി ദേശീയ കാർഷിക ഗ്രാമവികസന ബാങ്കിന്റെ (നബാർഡ്) ധനസഹായത്തോടുകൂടി പയ്യാവൂർ ഗ്രാമപഞ്ചായത്തിലെ 11 ട്രൈബൽ കോളനികളിൽ നടപ്പിലാക്കുന്ന ഗോത്രവർഗ്ഗവികസന പദ്ധതിയുടെ ഉദ്ഘാടനം നബാർഡ് ചീഫ് ജനറൽ മാനേജർ രമേശ് റ്റെങ്കിൽ നിർവ്വഹിച്ചു. പയ്യാവൂർ ഗ്രാമപഞ്ചായത്ത് വാർഡ് മെമ്പർ മോളി സ്റ്റീഫൻ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ ആമുഖപ്രഭാഷണം നടത്തി. നബാർഡ് ജില്ലാ വികസന മാനേജർ പി. ദിനേശ് മുഖ്യപ്രഭാഷണം നടത്തി. കേരള ഗ്രാമീണ ബാങ്ക് പയ്യാവൂർ ശാഖ മാനേജർ പി. കുഞ്ഞിരാമൻ, കൃഷി ഓഫീസർ അജേഷ് പി വാതിൽമട, കോളനി മൂപ്പൻ രമേശ് എ.കെ. എന്നിവർ ആശംസകൾ നേർന്നു. മാസ്സ് തയ്യാറാക്കിയ റ്റി.ഡി.എഫ്. ഹാൻഡ്ബുക്ക് രമേശ് റ്റെങ്കിൽ പ്രകാശനം ചെയ്തു. പുതിയതായി ഗോത്രവർഗകുടുംബങ്ങളിൽ ആരംഭിച്ച ഗുപ്പെ കാർഡുകളുടെ വിതരണ ഉദ്ഘാടനം നബാർഡ് ചീഫ് ജനറൽ മാനേജർ നിർവ്വഹിച്ചു. മാസ്സ് പ്രോജക്ട് ഓഫീസർ ബിപിൻ

ജോസഫ് നന്ദി പ്രകാശനം നടത്തി. അബ്രാഹം യു. പി., നിഷ കെ. വി., ബിന്ദു ജോയി എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## മകളറിയാൻ പദ്ധതി ആരംഭിച്ചു

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി കണ്ണൂർ, കാസർഗോഡ്, വയനാട്, പാലക്കാട് ജില്ലകളിലെ ഹൈസ്കൂളുകളിൽ പഠിക്കുന്ന പെൺകുട്ടികൾക്കായി 'മകളറിയാൻ' എന്ന പേരിൽ ജീവിതപരിശീലന സെമിനാർ ആരംഭിച്ചു. മടമ്പം ഫൊറോനയിൽ നടന്ന പദ്ധതിയുടെ ഉദ്ഘാടനം പയ്യാവൂർ പി.സി.ഡി.പി. ഹാളിൽവച്ച് മാസ്സ് ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ നിർവ്വഹിച്ചു. പി.സി.ഡി.പി. എക്സിക്യൂട്ടീവ് ഡയറക്ടർ സി. അന്നമ്മ തൊണ്ണംകുഴി ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. വിസിറ്റേഷൻ കോൺഗ്രിഗേഷൻ റീജിയണൽ സുപ്പീരിയർ സി. ലിബിയ ആശംസകൾ നേർന്നു. വിസിറ്റേഷൻ സഭാംഗങ്ങളായ സി. ബെറ്റ്സി, സി. സൂസി, സി. സുനി എന്നിവർ ക്ലാസുകൾ നയിച്ചു. ആരോഗ്യവും ശുചിത്വവും, ലൈംഗികവിദ്യാഭ്യാസം പെൺകുട്ടികൾക്ക്, ഫലപ്രദമായ പഠനരീതി തുടങ്ങിയ വിഷയങ്ങളെ ആസ്പദമാക്കിയായിരുന്നു സെമിനാർ. മടമ്പം ലൂർദ്ദ് മാതാ പാരിഷ് ഹാളിൽ വച്ച് നടത്തിയ പരിശീലന പരിപാടി മടമ്പം ഫൊറോന വികാരി ഫാ. സ്റ്റാനി ഇടത്തിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. മടമ്പം മേരിലാന്റ് ഹൈസ്കൂൾ ഹെഡ്മിസ്ട്രസ് സി. ലിസ്ബി എസ്.വി.എം. ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. മാസ്സ് പ്രോഗ്രാം മാനേജർ അബ്രഹാം യു.പി., കോഡിനേറ്റർ ബിന്ദു ജോയി, ആനിമേറ്റേഴ്സ് എന്നിവർ നേതൃത്വം നൽകി. കാസർഗോഡ്, വയനാട്, പാലക്കാട് ജില്ലകളിൽ വരും മാസങ്ങളിൽ സെമിനാർ സംഘടിപ്പിക്കുന്നതാണെന്ന് ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ അറിയിച്ചു.

## തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതി

മാസ്സ് നാളികേര വികസന ബോർഡിന്റെ ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതി പ്രകാരമുള്ള തെങ്ങുകയറ്റ പരിശീലനം രാജപുരം – മടമ്പം മേഖലകളിൽ നടക്കുന്നു.

**മടമ്പം മേഖല**

കണ്ടകശ്ശേരി സെന്റ് സെബാസ്റ്റ്യൻസ് പാരിഷ് ഹാളിൽ വെച്ച് നടന്ന സമ്മേളനത്തിൽ പരിശീലനം പൂർത്തിയാക്കിയ 21 തെങ്ങിന്റെ ചങ്ങാതി

മാർക്ക് പയ്യാവൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സി. പി. ജോസ് തെങ്ങു കയറ്റ യന്ത്രം സൗജന്യമായി വിതരണം ചെയ്തു. കണ്ടകശ്ശേരി പള്ളി വികാരി ഫാ. ജോർജ് കപ്പുകാലായിൽ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. വാർഡ് മെമ്പർ കുര്യാക്കോസ് തെരുവത്ത്, കൃഷി ഓഫീസർ ജോർജുകുട്ടി മാത്യു, ട്രെയിനർ ബാബു പി.എം., കോർഡിനേറ്റർ ബിന്ദു ജോയി, ആനിമേറ്റർ ആലീസ് ജെയിംസ് എന്നിവർ പ്രസംഗിച്ചു.

**രാജപുരം മേഖല**

രാജപുരം മേഖലയിലെ കൊട്ടോടി മാസ്സ് ട്രെയിനിംഗ് സെന്ററിൽ വെച്ച് 2 ബാച്ചുകളിലായി 49 തെങ്ങിന്റെ ചങ്ങാതിമാർ പരിശീലനം പൂർത്തിയാക്കി. പരിശീലനം പൂർത്തിയാക്കിയവർക്ക് ബ്ലോക്ക് പഞ്ചായത്ത് മെമ്പർ തോമസ് മലമ്പറം തെങ്ങുകയറ്റ യന്ത്രം സൗജന്യമായി വിതരണം ചെയ്തു. വാർഡ് മെമ്പർ അബ്ദുള്ള പി. സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. തെങ്ങുകയറ്റ പരിശീലന പരിപാടികൾക്ക് ബാബു പി. എം., ലാലി സണ്ണി എന്നിവർ നേതൃത്വം നൽകി.

## ക്നാനായ സ്റ്റാർസ് സെലക്ഷൻ ക്യാമ്പ്

ക്നാനായ സ്റ്റാഴ്സ് പദ്ധതിയുടെ ഭാഗമായി ക്നാനായ പ്രതിഭകളുടെ സെലക്ഷൻ ക്യാമ്പ് മലബാറിലെ വിവിധ മേഖലകളിൽ നടന്നു. 8–ാം ക്ലാസിൽ പഠിക്കുന്ന ക്നാനായ കുട്ടികളിൽ നിന്നാണ് പുതിയ ബാച്ചിലേയ്ക്ക് തെരഞ്ഞെടുപ്പ് നടന്നത്. ക്നാനായ സമുദായത്തെക്കുറിച്ചുള്ള അറിവ്, ബൈബിൾ പരിജ്ഞാനം, പൊതുവിജ്ഞാനം, അക്കാദമിക് മികവ്, കലാസാഹിത്യ അഭിരുചി, പേഴ്സണൽ ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പ് നടന്നത്. മടമ്പം മേഖലയിലെ ക്യാമ്പ് ചമതച്ചാൽ സെന്റ് സ്റ്റീഫൻസ് പാരിഷ്ഹാളിലും, രാജപുരം മേഖലയിലെ ക്യാമ്പ് രാജപുരം ഹോളിഫാമിലി പാരിഷ് ഹാളിൽ വെച്ചും, പെരിക്കല്ലൂർ മേഖലാക്യാമ്പ് പാവന പാസ്റ്ററൽ സെന്ററിൽ വെച്ചും നടന്നു. അബ്രാഹം യു.പി., ജസ്റ്റിൻ ലൂക്കോസ്, സി. അൽഫോൻസ ഡി.സി.പി.ബി., മഞ്ചു മരിയ ജോസ് എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി.

## തയ്യൽ പരിശീലനം ആരംഭിച്ചു

സ്വാശ്രയ സംഘാംഗങ്ങളുടെ വരുമാന വർദ്ധനവ് ലക്ഷ്യം വച്ചുകൊണ്ട് രാജപുരം മേഖലയിലെ മാലക്കല്ല് ലൂർദ് മാതാ പാരിഷ് ഹാളിൽവച്ച് തയ്യൽപരിശീലനം ആരംഭിച്ചു.

രണ്ടുമാസം നീണ്ടു നിൽക്കുന്ന സൗജന്യ തയ്യൽ പരിശീലനത്തിൽ 25 വനിതകളാണ് പങ്കെടുക്കുന്നത്. തയ്യൽ പരിശീലന പരിപാടികൾക്ക് മേരിക്കുട്ടി ജോജോ, ആനിമേറ്റേഴ്സ് എന്നിവർ നേതൃത്വം നൽകുന്നു.

## വിളപരിപാലന സംരക്ഷണ ബോധവൽക്കരണ സെമിനാർ

നബാർഡിന്റെ ധനസഹായത്തോടുകൂടി പയ്യാവൂർ പഞ്ചായത്തിൽ നടപ്പിലാക്കുന്ന ഗോത്രവർഗ്ഗ ക്ഷേമ പദ്ധതിയുടെ ഭാഗമായി 11 കോളനികളിൽ വിളപരിപാലന സംരക്ഷണ ബോധവൽക്കരണ സെമിനാർ സംഘടിപ്പിച്ചു. മാസ്സ് വാടി പ്രോജക്ട് ടീം അംഗങ്ങൾ പരിപാടികൾക്ക് നേതൃത്വം നൽകി.

## പ്രമേഹദിനാചരണം സംഘടിപ്പിച്ചു

കണ്ണൂർ : മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി ലോക പ്രമേഹ ദിനാചരണത്തിന്റെ ഭാഗമായി പയ്യാവൂർ വാതിൽമട കമ്മ്യൂണിറ്റി ഹാളിൽവച്ച് പ്രമേഹദിനാചരണം സംഘടിപ്പിച്ചു. പ്രമേഹദിനാചരണത്തിന്റെ ഭാഗമായി ബോധവൽക്കരണ സെമിനാർ, മെഡിക്കൽ ക്യാമ്പ് എന്നിവ നടത്തി. പ്രസ്തുത ദിനാചരണം കാത്തലിക് ഹെൽത്ത് അസോസിയേഷൻ ഓഫ് ഇന്ത്യ ജില്ലാ കോർഡിനേറ്റർ ടോമി മാത്യു നിർവ്വഹിച്ചു. ചന്ദനകാപാറ പി.എച്ച്.സി. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീനിവാസൻ ജെ.യും സംഘവും മെഡിക്കൽ ക്യാമ്പ്, സെമിനാർ തുടങ്ങിയവയ്ക്ക് നേതൃത്വം നൽകി.

## സെമിനാർ സംഘടിപ്പിച്ചു

മാസ്സ് കതിരൂർ ഗ്രാമപഞ്ചായത്തിൽ സഹായസംഘടനയായി നടപ്പിലാക്കുന്ന ജലനിധി പദ്ധതിയുടെ ഭാഗമായി ഗുണഭോക്തൃസംഘം ഭാരവാഹികൾക്കുവേണ്ടി ഏകദിന സെമിനാർ സംഘടിപ്പിച്ചു. 'നിർമ്മാണവും ഗുണനിലവാരവും' എന്ന വിഷയത്തെ ആസ്പദമാക്കി ജലനിധി പ്രോജക്ട് കമ്മീഷണർ ഷെമീർ അലി സെമിനാർ നയിച്ചു. മാസ്സ് ജലനിധി ടീം അംഗങ്ങൾ പരിശീലന പരിപാടികൾക്ക് നേതൃത്വം നൽകി.

## മലബാറിൽ വിവിധ ചെറുകിട സംരംഭകത്വ പരിശീലന പദ്ധതികൾ ആരംഭിക്കുന്നു

കണ്ണൂർ : മടമ്പം, രാജപുരം, പെരിക്കല്ലൂർ ഫൊറോനകളിൽ വനിതകൾക്കായി വിവിധ വരുമാനദായക പദ്ധതികൾ സൗജന്യമായി ആരംഭിക്കുന്നു. രാജപുരം മേഖലയിൽ കുട്ട നിർമ്മാണം, ആഭരണ നിർമ്മാ

ണം, അച്ചാർ നിർമ്മാണം, സോപ്പ് & ഡിറ്റർജന്റ് നിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ് തുടങ്ങിയവയും മടമ്പം ഫൊറോനയിൽ സാരി പെയ്ന്റിംഗ്, ചവിട്ടി നിർമ്മാണം, കുട്ട നിർമ്മാണം, കോഴി വളർത്തൽ, പലഹാര നിർമ്മാണം, ആഭരണ നിർമ്മാണം, ഫുഡ് പ്രോസസിംഗ്, വിദഗ്ദ്ധ തയ്യൽ പരിശീലനം തുടങ്ങിയവയും, പെരിക്കല്ലൂർ ഫൊറോനയിൽ സാരി പെയ്ന്റിംഗ്, ജൈവവള നിർമ്മാണം, പലഹാര നിർമ്മാണം, ആഭരണ നിർമ്മാണം, കുട നിർമ്മാണം, കൂൺകൃഷി പരിശീലനം, പൈപ്പ് കമ്പോസ്റ്റ് നിർമ്മാണ പരിശീലനം തുടങ്ങിയവയാണ് ആരംഭിക്കുന്നത്. ഈ സാമ്പത്തിക വർഷം 600 വനിതകൾക്ക് സൗജന്യമായി ചെറുകിട സംരംഭകത്വ പരിശീലനങ്ങൾ നൽകുന്നതാണ്.

**ഫാ. സുനിൽ പെരുമാനൂർ** (സെക്രട്ടറി, മാസ്സ്)

# അഭി. മൂലക്കാട്ട് പിതാവിന്റെ ഡയറിയിൽ നിന്ന്

**നവംബർ 2014**

8 ഉഴവൂരിൽ അതിരൂപത ബൈബിൾ കലോത്സവം ഉദ്ഘാടനം ചെയ്തു.

\- അതിരൂപതാ മൈനർ സെമിനാരിയിൽ നടന്ന 'ഹോം ഡേ' ആഘോഷത്തിൽ സംബന്ധിച്ചു.

9 കാരിത്താസ് ആയുർവ്വേദ ആശുപത്രിയിൽ നിന്നും സ്ഥലം മാറിപ്പോകുന്ന സി. ആനിയമ്മ കാവിലിന്റെ യാത്രയയപ്പ് മീറ്റിംഗിൽ സംബന്ധിച്ചു.

10 വാഴത്തോപ്പിൽ നടന്ന ഇടുക്കി രൂപതയുടെ കത്തീഡ്രൽ ദേവാലയത്തിന്റെ കൂദാശാകർമ്മത്തിൽ പങ്കെടുത്തു.

14 കാഞ്ഞിരപ്പള്ളിയിൽ നടന്ന നിലയ്ക്കൽ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു.

15 എസ്.വി.എം. ജനറലേറ്റിൽ സുപ്പീരിയേഴ്സ് മീറ്റിംഗിൽ വി. ബലിയർപ്പിച്ചു.

\- വിസിറ്റേഷൻ സമൂഹാംഗം മഴുവൻചേരിൽ സി. സൂസന്നായുടെ സമർപ്പിത ജീവിതത്തിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷത്തോടനുബന്ധിച്ച് സായൂജ്യമഠത്തിൽ വി. ബലിയർപ്പിച്ചു.

17 പുളിഞ്ഞാൽ ഇടവകാംഗം പരേതനായ ചീക്കപ്പാറയിൽ മത്തായിയുടെ ശവസംസ്കാരശുശ്രൂഷകൾക്ക് ദേവാലയത്തിൽ കാർമ്മികത്വം വഹിച്ചു.

18 ചാമക്കാല ഇടവകാംഗം പരേതനായ ചിറയിൽ പുത്തൻപുര പോത്തൻ ഫിലിപ്പിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ദേവാലയത്തിൽ കാർമ്മികത്വം വഹിച്ചു.

19 എസ്. എച്ച്. മൗണ്ട് തിരുഹൃദയദാസസമൂഹ ആശ്രമത്തിൽ നടന്ന 'സിനാക്സിസ്' മീറ്റിംഗിൽ സംബന്ധിച്ചു.

20 മുരിങ്ങൂർ ഡിവൈൻ ധ്യാനകേന്ദ്രത്തിൽ ക്രിസ്റ്റീനിന്റെ ആഭിമുഖ്യത്തിൽ നടന്ന ധ്യാനഗുരുക്കന്മാരുടെ ധ്യാനത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

- കാക്കനാട് നടന്ന മേജർ ആർച്ച് എപ്പിസ്കോപ്പൽ സഭാ കോടതി അംഗങ്ങളുടെ മീറ്റിംഗിൽ സന്ദേശം നൽകി.

21 പാഴുത്തുരുത്ത് മരിയമല ആശ്രമത്തിൽ നടന്ന ഒ.എസ്.ബി. ഫോർമേറ്റേഴ്സ് മീറ്റിംഗിൽ സംബന്ധിച്ചു.

22-27 റോമിൽ നടന്ന വാഴ്ത്തപ്പെട്ട ചാവറയച്ചനേയും എവുപ്രാസ്യമ്മയേയും വിശുദ്ധരായി പ്രഖ്യാപിച്ച കർമ്മത്തിൽ പങ്കെടുത്തു.

29 മാറിടം ഇടവകാംഗം വെളിയംകുളം ബഹു. ജോസഫച്ചന്റെ പൗരോഹിത്യസുവർണ്ണജൂബിലി ആഘോഷത്തിൽ സംബന്ധിച്ചു.

- എറണാകുളത്ത് വാഴ്ത്തപ്പെട്ട എവുപ്രാസ്യമ്മയേയും ചാവറയച്ചനേയും വിശുദ്ധരായി പ്രഖ്യാപിച്ചതുമായി ബന്ധപ്പെട്ട് കെ.സി.ബി.സി. സംഘടിപ്പിച്ച ആഘോഷത്തിൽ പങ്കെടുത്തു.

30 ക്രിസ്തുരാജ കത്തീഡ്രലിൽ വി. ബലിയർപ്പിച്ച് അതിരൂപത സമർപ്പിത വർഷം ഉദ്ഘാടനം ചെയ്തു.

- ചൈതന്യ കാർഷിക മേളയോടനുബന്ധിച്ച് നടന്ന സമാപന സമ്മേളനത്തിൽ പങ്കെടുത്തു.

- പുതുതായി നിർമ്മിക്കുന്ന റാന്നി ക്നാനായ മലങ്കര കത്തോലിക്കാ പള്ളിയുടെ ശിലാസ്ഥാപനം നടത്തി.

**ഡിസംബർ 2014**

02 യാക്കോബായ സഭാ വിഭാഗവുമായി നടന്ന ഡയലോഗിൽ സംബന്ധിച്ചു.

4,5 ഓർത്തഡോക്സ് സഭാവിഭാഗവുമായി നടന്ന ഡയലോഗിൽ സംബന്ധിച്ചു.

# ENGAGEMENTS

## Mar Mathew Moolakkatt

**December 2014**

6 CRI meeting at Kottayam

7 Holy Qurbana and the blessing of the new parish hall at Olessa

8 Eucharistic procession at Uzhavoor

- Holy Qurbana at St. Joseph's Church Kudakkachira

9-11 KCBC at POC

13 KCWA anniversary at Chaithanya

13-14 Pastoral visit at Amanakara

16 Bi-monthly of priests' at Chaithanya

17 Sacradotal Ruby Jubilee of Mar Joseph Perumthottam at Punnathura

20-21 Pastoral visit at Malloossery

22 Christmas celebrations at Thirunakkara, Kottayam

25 Holy Qurbana at Cathedral

26 Parithrana Convention

27 Ordination of Dn. Roopesh Muttath at Malloossery

30 Ordination of Dn. Ajomon Parasseril CMI at Arunoottimangalam

**January 2015**

1 Blessing of the new building of Mar Makil School at Kaipuzha

2 Ordination of Dn. Joy Karackal at Uzhavoor

3 Feast of St. Chavara Kuriakose at Mannanam

5-9 Syro Malabar Bishops' Synod at Kakkanad

# അഭി. പണ്ടാരശ്ശേരിൽ പിതാവിന്റെ ഡയറിയിൽ നിന്ന്

**നവംബർ 2014**

4 രാജപുരം ഹോളി ഫാമിലി ഹൈസ്കൂളിൽ നടന്ന സബ്ജില്ലാ കായികമേള ഉദ്ഘാടന സമ്മേളനത്തിൽ അദ്ധ്യക്ഷതവഹിച്ച് പ്രസംഗിച്ചു.

4, 5 ബറുമറിയം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തിയ മലബാർ റീജിയൺ വൈദികധ്യാനത്തിൽ പങ്കെടുത്തു.

8 അതിരൂപതാ മൈനർ സെമിനാരിയിലെ സ്പോൺസേഴ്സ് & മാതാപിതാക്കളുടെ സംഗമത്തിൽ വി. കുർബാന അർപ്പിക്കുകയും മീറ്റിംഗിൽ അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു.

9 തിരുവനന്തപുരം ഇടവകയിൽ വി. കുർബാന അർപ്പിക്കുകയും ഇടവകയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച സിവിൽ സർവ്വീസ് ഓറിയന്റേഷൻ ക്യാമ്പിൽ കുട്ടികളുമായി ആശയവിനിമയം നടത്തുകയും ചെയ്തു.

\- കാരിത്താസ് ആയുർവ്വേദ ആശുപത്രിയിൽ സി. ആനിയമ്മ കാവിലിന്റെ യാത്രയയപ്പ് സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു.

14–26 അമേരിക്കയിലെ ഷിക്കാഗോ ക്നാനായ റീജിയണിലെ Queens, New Jersey, Connecticut, Thampa, Miami എന്നീ പള്ളികളിൽ വി. കുർബാന അർപ്പിക്കുകയും വിവിധ പരിപാടികളിൽ സംബന്ധിക്കുകയും ചെയ്തു.

27–29 യു.എ.ഇ. സന്ദർശിച്ചു.

28 Al-Ain ൽ വച്ചു നടത്തിയ യു.എ.ഇ. ക്നാനായ കുടുംബ സംഗമം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

**ഡിസംബർ 2014**

1 അരമനയിൽ കൂടിയ അതിരൂപതാ ശതാബ്ദി വിദ്യാഭ്യാസ ഫണ്ട് കേന്ദ്രകമ്മറ്റി മീറ്റിംഗിൽ പങ്കെടുത്തു.

– ബി.സി.എം. കോളേജിൽ കൂടിയ കോളേജ് ഗവേണിംഗ് ബോഡി മീറ്റിംഗിൽ സംബന്ധിച്ചു.

2 ബറുമറിയം പാസ്റ്ററൽ സെന്ററിൽ കൂടിയ മലബാർ കുടിയേറ്റ പ്ലാറ്റിനം ജൂബിലി ആലോചനാമീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

# Engagements

## Mar Joseph Pandarasseril

**December 2014**

3-7 Pastoral visit at Chamathachal

9-11 KCBC at POC

12 Holy Qurbana and blessing of wayside chapel at Eravimangalom

13 KCYM Kalolsavam at Changanassery

- Holy Qurbana and 125th Anniversary inauguration of Monippally church

14 Blessing of SDB chapel at Bathery

19 Anniversary of St. Anne's E.M. School at Payyavoor

21 Holy Qurbana and parish day at Kanjangad

22 Anniversary of Knanayajyothi E.M. School at Kadaba

25 Holy Qurbana at Kottoorvayal

29 Ordination of Dn. Shibi Chettikathottom OSH at Pulinjal

30 Ordination of Dn. Joseph Urumbilkarottu OSH and Dn. Shibin Malayil (conventional) at Perikalloor
- Dn. Bibin Ottakunnel OSH at Pius Nagar

**January 2015**

3 Ordination of Dn. Santhosh Mullamangalam at Malakkallu

# വചനദർശനം

## ഡിസംബർ 14 – മംഗലവാർത്തക്കാലം മൂന്നാം ഞായർ

**ലൂക്കാ 1 : 57 – 66**

വി. ലൂക്കാ എഴുതിയ സുവിശേഷത്തിന്റെ ആരംഭം മുതൽ സ്നാപകയോഹന്നാനെ യേശുവുമായി ബന്ധപ്പെടുത്തി അവതരിപ്പിക്കുന്നുണ്ട്. ഇരുവരും തമ്മിലുള്ള ഒട്ടേറെ സാമ്യങ്ങളിലൂടെയാണ് ലൂക്കാ ഈ ബന്ധം വ്യക്തമാക്കുന്നത്. ഇരുവരുടെയും ജനനത്തെക്കുറിച്ചുള്ള ദൈവിക വെളിപാടും ദൗത്യത്തെക്കുറിച്ചുള്ള ദൈവികപദ്ധതിയുമാണ് ഈ ബന്ധത്തിന്റെ പ്രധാന ഘടകങ്ങൾ.

പഴയനിയമഗ്രന്ഥത്തിലെ അവസാന പ്രവാചകനായ മലാക്കി രക്ഷയുടെ ദിനത്തേയും രക്ഷകന്റെ ആഗമനത്തെയും കുറിച്ച് മുൻകൂട്ടി അറിയിച്ചുകൊണ്ടുള്ള കർത്താവിന്റെ വചനങ്ങൾ രേഖപ്പെടുത്തുന്നുണ്ട്. 'ഇതാ എനിക്കുമുമ്പേ വഴിയൊരുക്കാൻ ഞാൻ എന്റെ ദൂതനെ അയക്കുന്നു' നിങ്ങൾ തേടുന്ന കർത്താവ് ഉടൻതന്നെ തന്റെ ആലയത്തിലേയ്ക്ക് വരും. നിനക്കു പ്രിയങ്കരനായ ഉടമ്പടിയുടെ ദൂതൻ ഇതാവരുന്നു (മലാക്കി 3,1)

കർത്താവിന്റെ മഹത്വപൂർണ്ണവും ഭീതിജനകവുമായ ദിവസം വരുന്നതിന് മുമ്പ് പ്രവാചകനായ ഏലിയായെ ഞാൻ നിങ്ങളുടെ അടുക്കലേയ്ക്ക് അയയ്ക്കും. ഞാൻ വന്ന് ദേശത്തെ ശാപംകൊണ്ട് നശിപ്പിക്കാതിരിക്കേണ്ടതിന് അവൻ പിതാക്കന്മാരുടെ ഹൃദയം മക്കളിലേയ്ക്കും മക്കളുടെ ഹൃദയം പിതാക്കന്മാരിലേയ്ക്കും തിരിക്കും. (മലാക്കി 4, 5–6). മനുഷ്യനായ ദൈവപുത്രനു വഴിയൊരുക്കാനായി ദൈവം അയയ്ക്കുന്ന അവിടുത്തെ ദൂതനാണ് യോഹന്നാൻ മാംദാ

ന. ഏലിയാ പ്രവാചകന്റെ ചൈതന്യത്തോടെ വരുവാനിരിക്കുന്ന ഈ ദൂതൻ പഴയനിയമപ്രവചനങ്ങളുടെ പൂർത്തീകരണമാണ്.

യോഹന്നാൻ എന്ന പേരിന്റെ അർത്ഥം "ദൈവം കരുണ ചെയ്തു" എന്നാണ്. ദൈവകരുണയുടെ ഈ പ്രവൃത്തി അയല്ക്കാരെയും ബന്ധുക്കളെയും ആനന്ദിപ്പിച്ചു. ദേവാലയത്തിലെ ആരാധനയുടെയും പ്രാർത്ഥനയുടെയും നിറവിലാണ് യോഹന്നാന്റെ ജനനാറിയിപ്പ് ഉണ്ടാകുന്നത്. മാതാപിതാക്കളുടെ നീതിനിഷ്ഠമായ ജീവിതത്തിന്റെയും പ്രാർത്ഥനയുടെയും നിറവിൽ ജനിക്കുന്ന യോഹന്നാൻ അവർക്കും നാട്ടുകാർക്കും സന്തോഷത്തിന് കാരണമായി ഭവിക്കുന്നു. മാതാപിതാക്കൾ ആഗ്രഹിച്ചും പ്രാർത്ഥിച്ചും ജന്മംകൊടുക്കുന്ന മക്കൾ സകലർക്കും ആനന്ദം പകരും. മകന്റെ പേര് യോഹന്നാൻ എന്ന് എഴുത്തുപലകയിൽ എഴുതിക്കാണിക്കുമ്പോഴാണ് സഖറിയായുടെ മൂകത മാറുന്നതും നാവിന്റെ കെട്ടുകൾ അഴിയുന്നതും. സ്വന്തം മകനെ സംബന്ധിച്ച ദൈവികപദ്ധതി പൂർണ്ണമായി നടപ്പിലാക്കാൻ അയാൾ തയ്യാറാകുമ്പോഴാണ് അയാൾക്ക് സൗഖ്യവും സ്വാതന്ത്ര്യവും അനുഭവിക്കാൻ സാധിക്കുന്നത്. സ്വന്തം മക്കളെ സംബന്ധിച്ച ദൈവീക പദ്ധതികൾക്കായി മാതാപിതാക്കൾ കാതോർക്കണം. അപ്പോൾ ജീവിതത്തിൽ സുഖവും മനസ്സിൽ സ്വാതന്ത്ര്യവും ലഭിക്കുന്നത് അനുഭവിക്കാനാവും.

യൂദപാരമ്പര്യമനുസരിച്ച് ശിശുവിന് സഖറിയാ എന്നാണ് പേരിടേണ്ടത്. എന്നാൽ സാമ്പ്രദായിക രീതിക്ക് വിരുദ്ധമായിട്ടാണ് യോഹന്നാൻ എന്ന പേര് നൽകുന്നത്. അതോടെയാണ് സഖറിയായുടെ നാവ് സ്വതന്ത്രമാകുന്നത്. ദൈവഹിതം പാരമ്പര്യക്രമങ്ങളിലൂടെ ആയിരിക്കണമെന്നില്ല. മറിച്ച്, ക്ഷമയോടെ അതിനെ തിരിച്ചറിയാനും ദൈവത്തിന്റെ വഴിയേ നടക്കാനും സാധിക്കുമ്പോഴാണ് നമ്മുടെ നാവിന്റെ കെട്ടുകൾ അഴിയുന്നതും ദൈവസ്തുതികൾ പാടാൻ സാധിക്കുന്നതും. നമ്മിലെ നന്മകളെക്കാൾ ഉപരിയായി മറ്റുള്ളവരിലെ നന്മകളെ കണ്ടെത്തുവാനും സ്തുതിക്കുവാനും സാധിക്കുമ്പോഴാണ് എന്റെ ജീവിതത്തിലും രക്ഷ സാധ്യമാകുന്നത്. അതിനാൽ ഈ രക്ഷയ്ക്കായി നമുക്കും പ്രാർത്ഥിക്കാം.

**ബ്ര. ജിബിൻ താഴത്തുവെട്ടത്ത്**

## ഡിസംബർ 21 – മംഗലവാർത്തക്കാലം നാലാം ഞായർ

**ലൂക്കാ 1 : 57 – 66**

ഇസ്രയേൽ ജനത്തിന്റെ രക്ഷകനു വേണ്ടിയുള്ള കാത്തിരിപ്പിന്റെ ഭാഗമായിരുന്നു രക്ഷകനു വഴിയൊരുക്കുന്നവനു വേണ്ടിയുള്ള ദൈവി കപദ്ധതി. മലാക്കി 4:5 പ്രകാരം "കത്താവിന്റെ മഹത്തും ഭീതിജനകവു മായ ദിവസം വരുന്നതിനു മുമ്പ് പ്രവാചകനായ ഏലിയായെ ഞാൻ നിങ്ങളുടെ അടുക്കലേയ്ക്ക് അയയ്ക്കും" ഈ പ്രവചനത്തെ ആധാരമാ ക്കിയാണ് ഇസ്രയേൽ ജനം രക്ഷകന് വഴിയൊരുക്കാൻ ഏലിയാ വീണ്ടും വരും എന്ന് പ്രതീക്ഷിച്ചിരുന്നത്. ലൂക്കാ 7:27ൽ ഈശോ തന്നെ മലാക്കി 3.1 ഉദ്ധരിച്ചുകൊണ്ട് യോഹന്നാനാണ് തനിക്ക് വഴിയൊരുക്കാൻ വാഗ്ദാനം ചെയ്തിരുന്നവൻ എന്ന് സാക്ഷ്യപ്പെടുത്തുന്നുമുണ്ട്. ഇവനെ പ്പറ്റിയാണ് ഇങ്ങനെ എഴുതിയിരിക്കുന്നത് "ഇതാ നിനക്കു മുമ്പേ എന്റെ ദൂതനെ ഞാനയയ്ക്കുന്നു. അവൻ മുമ്പേ പോയി നിനക്ക് വഴിയൊ രുക്കും" (ലൂക്കാ 7.27).

അത്തരത്തിൽ യോഹന്നാന്റെ ജനനം രക്ഷകനെക്കുറിച്ചുള്ള പഴയ നിയമ പ്രവചനങ്ങൾ പൂർത്തീകരിക്കപ്പെടുന്നതിന്റെ തുടക്കമായിവേണം നാം കാണാൻ. പലയാവർത്തി ഇസ്രയേൽ ജനം പഴയ ഉടമ്പടിയോടു വിശ്വസ്തത പുലർത്തിയില്ലെങ്കിൽത്തന്നെ പിതാവായ ദൈവം തന്റെ എല്ലാ വാഗ്ദാനങ്ങളിലും വിശ്വസ്തനായിരുന്നു. ചിലപ്പോഴെങ്കിലും പഴ യനിയമം വായിക്കുമ്പോൾ പിതാവായ ദൈവം നിഷ്കരുണം നീതി നട പ്പാക്കുന്ന ഒരു ന്യായാധിപനായി ചിത്രീകരിക്കാറുണ്ട്. എന്നാൽ ഇസ്ര യേൽ ജനം അവിശ്വസ്തരായിരുന്നിട്ടും നിരന്തരം കരുണ കാട്ടി സ്നേഹ പരിപാലനയിൽ സംരക്ഷിച്ച് സ്വപുത്രനെ ഇവരുടെ രക്ഷയ്ക്കായി അയ ക്കുന്ന പിതാവായ ദൈവം സ്നേഹത്തിന്റെ മൂർത്തീഭാവം തന്നെയാ ണ്. യോഹന്നാന്റെ പേരുതന്നെ ഇതു സൂചിപ്പിക്കുന്നു. യോഹന്നാൻ എന്ന പേരിന്റെ അർത്ഥം 'ദൈവം കരുണ ചെയ്തു" എന്നാണ്.

യോഹന്നാന്റെ ജനനത്തിലും ദൈവത്തിന്റെ ഈ കരുണാർദ്രഭാവം പ്രകടമാണ്. സഖറിയായും എലിസബേത്തും വൃദ്ധരായിരുന്നു. മാത്ര വുമല്ല എലിസബത്ത് വന്ധ്യയുമായിരുന്നു. യഹൂദ സംസ്കാരം അനു സരിച്ച് മക്കളില്ലാത്ത ദമ്പതികൾ ശപിക്കപ്പെട്ടവരായി കരുതപ്പെട്ടിരുന്നു. ഇപ്രകാരം സമൂഹത്തിന്റെ മുമ്പിൽ ശപിക്കപ്പെട്ടവരും മാനസികമായി

വളരെ വേദന അനുഭവിച്ചവരും എന്നാൽ തങ്ങളുടെ അവസ്ഥയിൽ നിന്ന് രക്ഷപെടുവാൻ യാതൊരു മാർഗ്ഗവുമില്ലാതിരുന്ന സഖറിയാ - ഏലീശ്വ ദമ്പതികൾക്ക് ഒരു മകനെ നൽകി അനുഗ്രഹിക്കുന്നത് ദൈവത്തിന്റെ കരുണയുടെ പ്രതിഫലനം തന്നെയാണ്. യോഹന്നാനെക്കുറിച്ച് ഈശോ "സ്ത്രീകളിൽ നിന്നു ജനിച്ചവരിൽ യോഹന്നാനേക്കാൾ വലിയവൻ ഇല്ല" (ലൂക്കാ 7. 28) എന്ന് സാക്ഷ്യപ്പെടുത്തുമ്പോൾ ദൈവകാരുണ്യത്തിന്റെ ഔന്നത്യം മനസ്സിലാക്കാൻ സാധിക്കും.

രക്ഷകനെ നമ്മുടെ ഹൃദയങ്ങളിൽ സ്വീകരിക്കാൻ ഒരുങ്ങുന്ന മംഗളവാർത്താ കാലത്തിൽ അവിടുത്തെ തിരുപ്പിറവി ദൈവത്തിന്റെ വലിയ കൃപയാൽ സാധ്യമാക്കുന്നതാണ് എന്ന് മനസ്സിലാക്കാം. ഈ കൃപയ്ക്ക് സഖറിയായും ഏലീശ്വായും അർഹരാകാൻ കാരണം 'അവർ ദൈവത്തിന്റെ മുമ്പിൽ നീതിനിഷ്ഠരും കർത്താവിന്റെ കൽപനകളും പ്രമാണങ്ങളും കുറ്റമറ്റവിധം അനുസരിക്കുന്നവരുമായിരുന്നു. (ലൂക്കാ 1.6) നീതിനിഷ്ഠയും, കർത്താവിന്റെ കൽപനകളും പ്രമാണങ്ങളും കുറ്റമറ്റവിധം അനുസരിക്കുന്നതും നമ്മെ യഥാർത്ഥ ക്രിസ്ത്യാനികളാക്കുന്നു. അങ്ങനെ നല്ലൊരു ക്രിസ്തീയജീവിതം നയിച്ച് രക്ഷകനായ മിശിഹായ്ക്ക് നമ്മുടെ ഹൃദയങ്ങളിൽ ജനിക്കാൻ ഇടം കൊടുക്കാം. അവിടുന്ന് തന്റെ അനന്ത കാരുണ്യത്താൽ നമ്മെ രക്ഷയുടെ പാതയിലൂടെ വഴി നടത്തട്ടെ.

**ബ്ര. ബോണി കറ്റുവീട്ടിൽ**

## ഡിസംബർ 28 – പിറവി ഒന്നാം ഞായർ

**മത്താ. 2 : 1 – 12**

പിറവിക്കാലം ഒന്നാം ഞായറായ ഇന്ന് നാം തിരുക്കുടുംബത്തിന്റെയും കുഞ്ഞിപൈതങ്ങളുടെയും തിരുനാളുകൾ അനുസ്മരിക്കുകയാണ്. അപ്രതീക്ഷിതങ്ങളായി സംഭവിക്കുന്നതെല്ലാം നിരർത്ഥകങ്ങളല്ലെന്ന് തിരുക്കുടുംബം നമ്മെ ഓർമ്മിപ്പിക്കുന്നു. ജ്ഞാനികളുടെ ഉണ്ണീശോയെ തേടിയുള്ള വരവും, അനുബന്ധ സംഭവങ്ങളും നമുക്ക് സുപരിചിതങ്ങളാണ്. ജ്ഞാനികൾ തന്നെ കബളിപ്പിച്ചിരിക്കുന്നു എന്ന് മനസ്സിലാക്കിയ ഹേറോദേസ് രോഷാകുലനായി ബേദ്ലഹേമിലെ പിഞ്ചുപൈതങ്ങളെ വധിച്ചപ്പോൾ അപ്രതീക്ഷിതമായ പലായനം ഹെറോദേസിൽ നിന്ന് ഈശോയെ രക്ഷിക്കുന്നു. തിരുക്കുടുംബം ഒരുപക്ഷേ ഏറ്റവും കൂടുതൽ

ദൈവത്തിന്റെ ദൂതന് കാതോർത്തത് ഈ അപ്രതീക്ഷിത ദുരനുഭവങ്ങളിലാകാം. ഈ പിറവിക്കാലം നമ്മുടെ ക്രൈസ്തവജീവിതത്തിന് ഒരു വെല്ലുവിളി സമ്മാനിക്കുകയാണ്. 'അപ്രതീക്ഷിതമായത് എന്നും ജീവിതത്തിൽ പ്രതീക്ഷിക്കാൻ' ഇപ്രകാരമുള്ളവ അനിഷ്ടകരമോ, അസ്വാഭാവികമോ ആകാം. എന്നിരുന്നാലും നമ്മുടെ ജീവിതത്തിൽ എന്ത് സംഭവിച്ചാലും അതിനെ നേരിടാനുള്ള കരുത്ത് കർത്താവ് നമുക്ക് തരുന്നു. ഇന്നത്തെ സുവിശേഷം നമുക്ക് വിശുദ്ധിയുടെ പരകോടിയിൽ നിൽക്കുന്ന വ്യക്തിത്വങ്ങളെ കാട്ടിത്തരുന്നുണ്ട്.

മത്തായി അറിയിച്ച സുവിശേഷത്തിൽ മാത്രമാണ് നാം പൗരസ്ത്യദേശത്തു നിന്നു വരുന്ന ജ്ഞാനികളെ കണ്ടുമുട്ടുന്നത്. വിജാതീയരായ ഈ ജ്ഞാനികളുടെ സാന്നിദ്ധ്യം ദൈവം നൽകാനിരിക്കുന്ന സാർവ്വത്രിക രക്ഷയുടെ സന്ദേശം നൽകുന്നതാണ്. എന്നും നമ്മുടെ കൂടെയുള്ള ക്രിസ്തുസാന്നിധ്യം തിരിച്ചറിയാതെ പോകുന്ന മനോഭാവമാണ് ഹെറോദേസും പ്രധാന പുരോഹിതരും, നിയമജ്ഞരും തങ്ങളുടെ മദ്ധ്യത്തിൽ ജനിച്ച രക്ഷകനെ തിരസ്കരിച്ചപ്പോൾ സംഭവിച്ചതും. എന്നാൽ വിജാതീയരായ ജ്ഞാനികൾ ഈശോയെ യഹൂദരുടെ രാജാവായി തിരിച്ചറിയുന്നു. (2.2) മാത്രമല്ല അവർ ശിശുവിനെ ആരാധിക്കാനാണ് വന്നതെന്നതും ശ്രദ്ധേയമാണ്. മനമിടറി ജീവിതത്തിൽ നിരാശരായി നീങ്ങുമ്പോൾ വീണുകിട്ടുന്ന ചില ദൈവിക സാന്നിദ്ധ്യം പോലെ ദൈവിക വെളിപാടു പോലെ ഹൃദ്യമാണ് അവർക്ക് യേശുവിനെ കണ്ടുമുട്ടുന്ന അനുഭവം. ക്രിസ്തുവിനെ തിരിച്ചറിയുന്നവരെ ദൈവം കൈവെടിയുകയില്ല എന്നതിന് തെളിവാണ് ജ്ഞാനികളെ പിൽക്കാലത്ത് ഏതാനും ബൈബിൾ ഭാഗങ്ങളുടെ പശ്ചാത്തലത്തിൽ രാജാക്കന്മാരായി ചിത്രീകരിച്ചതും മെൽക്കിയോർ, കാസ്പർ, ബാൽത്തസാർ എന്നീ പേരുകൾ നൽകി ചരിത്രം തിരിച്ചറിഞ്ഞതും.

ചുരുക്കത്തിൽ ഇന്നത്തെ സുവിശേഷം ക്രൈസ്തവജീവിതത്തിന്റെ ആഴവും മാധുര്യവും വെല്ലുവിളിയും ചൂണ്ടിക്കാട്ടുകയാണ് – വിശുദ്ധരായ ജ്ഞാനികളിലൂടെ, യേശുവിനായി മരണമടഞ്ഞ 22 പിഞ്ചുപൈതങ്ങളിലൂടെ, ഒപ്പം അപ്രതീക്ഷിതമായി തിരുക്കുടുംബത്തിൽ ദൈവം ഇടപെടുന്നതിലൂടെ. നമുക്കു പ്രാർത്ഥിക്കാം 'വചനം മാംസമായി അവതരിച്ച ഈശോയെ എന്റെ ജീവിതത്തിൽ നിന്റെ സാന്നിദ്ധ്യവും നിന്നെപ്പറ്റിയുള്ള തിരിച്ചറിവുകളും നൽകണമേ.

**ബ്ര. മാത്തുക്കുട്ടി കുളക്കാട്ടുകുടിയിൽ**

# വാർത്തകൾ

## വിവാഹക്കോടതികളുടെ ലക്ഷ്യം ആത്മാക്കളുടെ രക്ഷയായിരിക്കണം : മാർപാപ്പ

വത്തിക്കാൻ : വിവാഹക്കേസുകൾ കൈകാര്യം ചെയ്യുന്ന അജപാലകർ തങ്ങളുടെ ലക്ഷ്യം ആത്മാക്കളുടെ രക്ഷയാണെന്ന ബോധ്യത്തോടെ നീതിപൂർവ്വവും അലംഭാവം കൂടാതെയും പരിഹരിക്കണമെന്ന് ഫ്രാൻസിസ് മാർപാപ്പ. വിവാഹകോടതികളിൽ ശുശ്രൂഷ ചെയ്യുന്ന വൈദികസംഘത്തെ അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു മാർപാപ്പ. വിവാഹജീവിതപ്രതിസന്ധികളുടെ ശരിയും തെറ്റുമറിയാൻ സഭാകോടതികളിൽ നിന്നും മറുപടി കാത്തിരിക്കുന്ന ദമ്പതികൾ നിരവധിയാണ്. പ്രശ്നങ്ങളുടെ പരിഹാരം കാലദൈർഘ്യം എടുക്കുന്നതും അനേക കടമ്പകൾ ഉള്ളതുമാകുമ്പോൾ ദമ്പതികൾ നിരാശരാകുകയും തകർന്ന കുടുംബങ്ങളുടെ ദുസ്ഥിതിയിൽ ജീവിതം തള്ളിനീക്കുവാൻ നിർബന്ധിതരാവുകയും ചെയ്യുന്നു. അവരുടെ മനസാക്ഷിയെ മുറിപ്പെടുത്താതെ സമാധാനപരമായി ജീവിക്കുവാൻ അവരെ സഹായിക്കണമെന്ന് അജപാലകരേയും സഭാകോടതികളുടെ ചുമതല വഹിക്കുന്നവരേയും ഫ്രാൻസിസ് മാർപാപ്പ ആഹ്വാനം ചെയ്തു.

## പ്രപഞ്ചോൽപ്പത്തിയെക്കുറിച്ചുള്ള മാർപാപ്പയുടെ പ്രസംഗം തെറ്റായി വ്യാഖ്യാനിക്കപ്പെടുന്നു : കർദ്ദിനാൾ മാർ ആലഞ്ചേരി

കൊച്ചി : പ്രപഞ്ചോൽപത്തിയെ സംബന്ധിച്ച് പൊന്തിഫിക്കൽ സയൻസ് അക്കാഡമിയിൽ പരി. പിതാവ് ഫ്രാൻസിസ് മാർപാപ്പ നടത്തിയ പ്രസംഗം ചിലരെല്ലാം ദുർവ്യാഖ്യാനം ചെയ്യുന്നതായി സീറോ മലബാർ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി. ദൈവമാണ് പ്രപഞ്ചസൃഷ്ടാവ്. അവിടുന്ന് മനുഷ്യനെ സൃഷ്ടിച്ച് അനശ്വരമായ ആത്മാവിനെയും അവനിൽ നിക്ഷേപിച്ചിരിക്കുന്നു. ഈ ലോകത്തിലെ സകല ജീവജാലങ്ങളേയും സൃഷ്ടിച്ച ദൈവം ഓരോന്നിനും നൽകിയ ആന്തരിക നിയമമനുസരിച്ച് വളരാനും വികസിക്കാനും ഓരോന്നിന്റെയും സത്തയുടെ പൂർണ്ണതയിലെത്തുവാനുമുള്ള സ്വാതന്ത്ര്യവും കഴിവും നൽകിയിരിക്കുന്നു. പരിണാമ സിദ്ധാന്തമോ മഹാവിസ്ഫോടന സിദ്ധാന്തമോ ഒരു വിധത്തിലും പ്രപഞ്ചസൃഷ്ടിയെക്കുറിച്ചുള്ള സഭ

യുടെ പ്രബോധനത്തിന് വിരുദ്ധമല്ല എന്നാണ് മാർപാപ്പാ പറഞ്ഞതെന്ന് മേജർ ആർച്ച് ബിഷപ്പ് ചൂണ്ടിക്കാട്ടി. പരിണാമസിദ്ധാന്തവും മഹാവിസ്ഫോടന സിദ്ധാന്തവും ഇപ്പോഴും തെളിയിക്കപ്പെടേണ്ടിയിരിക്കുന്ന സിദ്ധാന്തങ്ങളാണ്. ഒരു അടിസ്ഥാനമൂലവസ്തു കൂടാതെ പ്രപഞ്ചോൽപ്പത്തി വിവരിക്കാൻ ഈ സിദ്ധാന്തങ്ങൾക്കും സാധിക്കില്ല. ഈ മൂലവസ്തു സൃഷ്ടിക്കപ്പെടാത്തവനായ, സ്വയംഭൂവായ ദൈവത്താൽ സൃഷ്ടിക്കപ്പെട്ടുവെന്നാണ് സഭ പഠിപ്പിക്കുന്നതെന്ന് മാർ ആലഞ്ചേരി ഓർമ്മിപ്പിച്ചു.

## ഗർഭഛിദ്രം : കേന്ദ്രഗവൺമെന്റിന്റെ നീക്കം അപലപനീയം – കെ.സി.ബി.സി. പ്രൊലൈഫ് സമിതി

കൊച്ചി : ആറുമാസം വരെയുള്ള ഗർഭഛിദ്രം നിയമവിധേയമാക്കാനുള്ള കേന്ദ്രഗവൺമെന്റിന്റെ നീക്കം അപലപനീയമാണെന്ന് കെ.സി.ബി.സി. പ്രോലൈഫ് സമിതി. ഗർഭാവസ്ഥയുടെ ഏതവസരത്തിലുമുള്ള ഗർഭഛിദ്രം ഗൗരവാവഹമായ തിന്മയും അധാർമ്മികതയും കൊലപാതകവുമാണെന്ന് പ്രോ-ലൈഫ് ഭാരവാഹികൾ അടിയന്തിരമായി ചേർന്ന യോഗം വിലയിരുത്തി. ഭ്രൂണം വെറും ജീവശാസ്ത്രപരമായ ഒരു വസ്തു വല്ല, മറിച്ച് ഒരു മനുഷ്യവ്യക്തി തന്നെയാണെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. വ്യക്തിയെന്ന നിലയിൽ അജാതശിശുവിനും അവകാശങ്ങളുണ്ട്. ജനിക്കാനും ജീവിക്കാനുമുള്ള അവകാശം ശിശുവിന് നിഷേധിക്കാൻ രാഷ്ട്രത്തിനോ ഡോക്ടർക്കോ അമ്മയ്ക്കുപോലുമോ അധികാരമില്ല. ജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കേണ്ട ജനാധിപത്യ സർക്കാരുകൾ നിസ്സഹായരായ കുഞ്ഞുങ്ങളെ കൊല്ലാൻ കൂട്ടുനിൽക്കുന്നത് ക്രൂരവും ജനാധിപത്യവിരുദ്ധവുമാണ്. അതിലെല്ലാമുപരി ജീവൻ ദൈവത്തിന്റെ ദാനമാണ്; അതിനെ ഇല്ലായ്മ ചെയ്യുന്നത് ദൈവത്തിന്റെ അധികാരത്തിന്മേലുള്ള കൈകടത്തലാണ്. കെ.സി.ബി.സി. ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ. വർഗീസ് വള്ളിക്കാട്ട് പ്രബന്ധം അവതരിപ്പിച്ചു. കെ.സി.ബി.സി. പ്രോലൈഫ് സമിതി പ്രസിഡന്റ് റവ. ഡോ. ജോസ് കോട്ടയിൽ അദ്ധ്യക്ഷനായിരുന്നു.